25 years

Kandanad

Diocesan BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OFTHE MALANKARA ORTHODOX SYRIAN CHURCH

Vol. 7 No. 6, 15 June 2019

എഡിറ്റോറിയൽ

# പുതിയ സർക്കാരിന് വിജയാശംസകൾ

**2019** മെയ് 23-ന് പുറത്തുവന്ന തെരഞ്ഞെടുപ്പുഫലം നാഷണൽഡെമോക്രാറ്റിക് അലയൻസ് (N.D.A) ന് ഉജ്ജ്വല വിജയമാണ് സമ്മാനിച്ചത്. ഏഴു ഘട്ടങ്ങളിലായി ഒരു മാസം നീണ്ടു നിന്ന തിരഞ്ഞെടുപ്പുകാലത്തെ മാധ്യമ വാർത്തകളും ചർച്ചകളും ശ്രദ്ധിച്ച മലയാളികളിലധികവും കേന്ദ്രത്തിൽ ഒരു തൂക്കുമന്ത്രിസഭയ്ക്കാണ് സാധ്യതകണ്ടത്. അതിനു കാരണം മാധ്യമ നിലപാടുകളുടെയും വീക്ഷണങ്ങളുടെയും അവാസ്തവീകത എന്നു വേണം വിലയിരുത്തുവാൻ. ഫലപ്രഖ്യാപനത്തിന് രണ്ടുനാൾ മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട എക്സിറ്റ് പോൾ പ്രവചനങ്ങളാണ് N.D.A. സർക്കാരിന്റെ ഭരണതുടർച്ചക്കുള്ള സാധ്യത മലയാളികളുടെ മനസ്സുകളിൽ വിതറിയത്. മെയ് 23 ന് ശരിയായ ഫലപ്രഖ്യാപനമുണ്ടായപ്പോൾ എക്സിറ്റ് പോൾ പ്രവചനങ്ങളെ പോലും അതിശയിക്കുന്ന വിജയമാണ് N.D.A. നേടിയത്. N.D.A. യുടെ മുഖ്യ ഘടക കക്ഷിയായ ഭാരതീയ ജനതാ പാർട്ടിക്ക് തനിയെ സർക്കാർ രൂപീകരിക്കാൻ വേണ്ടത്ര വൻ ഭൂരിപക്ഷമാണ് ഭാരത ജനത കനിഞ്ഞു നൽകിയത്. മോദി സർക്കാരിന് അടുത്ത അഞ്ചുവർഷം കൂടി ഇൻഡ്യ ഭരിക്കാനുള്ള വ്യക്തമായ ജനസമ്മതിയാണ് ലഭിച്ചിരിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണത്തിൽ സംഭവിച്ച വീഴ്ചകളും പാളിച്ചകളും തിരുത്തി, ലഭിച്ച ഭരണ പരിചയം കൈമുതലാക്കിക്കൊണ്ട് എല്ലാ നിലകളിലും മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കുവാൻ അവസരം കൊടുത്ത ഇൻഡ്യയിലെ സമ്മതിദായകരെ ആദ്യമേ അഭിനന്ദിക്കുന്നു. ഒപ്പം തന്നെ രാജ്യത്തൊട്ടാകെ നടന്ന തെരഞ്ഞെടുപ്പുയുദ്ധത്തിന്റെ ഗതിവിഗതികൾ യഥാർത്ഥ രൂപത്തിൽ, സത്യസന്ധതയോടെ, നിഷ്പക്ഷമായി ജനഹൃദയങ്ങളിലെത്തിക്കുവാൻ പരാജയപ്പെട്ട മാധ്യമങ്ങളുടെ ദുർവിധിയിൽ പരിതപിക്കുകയും ചെയ്യുന്നു.

തെരഞ്ഞെടുപ്പു സംരംഭത്തിലെന്ന പോലെ മന്ത്രി സഭാ രൂപീകരണത്തിലും എൻ.ഡി.എ. അനായാസം വിജയം കണ്ടു. വെറും ആറുദിവസം കൊണ്ട്, രമ്യമായി, 58 പേർ അടങ്ങുന്ന ഒരു മന്ത്രിസഭ-രൂപപ്പെടുത്തുവാൻ നരേന്ദ്രമോദിക്കു കഴിഞ്ഞു. ജനതാദൾ (യു) വിന്റെ കാര്യം ഇവിടെ വിസ്മരിക്കുന്നില്ല. ഡൽഹിയിലെ അടി പാറ്റ്നയിലെ തിരിച്ചടിയോടെ പരിഹൃതമായതായി കരുതാം. ഏതായിരുന്നാലും ഏഴാം ദിവസം സത്യപ്രതിജ്ഞയ്ക്ക് സർവ്വം സജ്ജം. മെയ് 30 സായം സന്ധ്യയിൽ രാഷ്ട്രപതി ഭവൻ അങ്കണത്തിൽ വച്ച് ആറായിരത്തോളം സമുന്നതരായ ക്ഷണിതാക്കളുടെ സാന്നിദ്ധ്യത്തിൽ നടന്ന ലളിത ഗംഭീരമായ ചടങ്ങിൽ നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള രണ്ടാം കേന്ദ്രമന്ത്രി സഭ സത്യപ്രതിജ്ഞ ചെയ്തു.

പല പ്രത്യേകതകളുമുള്ളതാണ് ഈ മന്ത്രി സഭ. തീരെ ഭരണപരിചയം കുറഞ്ഞ ചെറുപ്പക്കാരും പ്രായാധികൃത്താൽ പ്രജ്ഞ തുരുമ്പിച്ച കുലപതികളുമൊന്നും ഇതിലില്ല. എല്ലാം 44നും 72 നും

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org

## ഉള്ളടക്കം

പേജ്

എഡിറ്റോറിയൽ
**പുതിയ സർക്കാരിന് വിജയാശംസകൾ** .... 1

**ഡോ. ഡി. ബാബു പോൾ: ചില മായാത്ത ഓർമ്മകൾ** .... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ആന്തര ജീവിതം സമ്പന്നമാക്കുക** .... 7
സ്വാമി തേജോമയാനന്ദ

**പാദപ്രക്ഷാളനം** .... 8
ജോയി മേങ്കോട്ടിൽ

**ക്രിസ്ത്യാനിയും യോഗയും** .... 9
ഫാ. സൈജു തുരുത്തിയിൽ

**സരോവിലെ വി. സെറാഫിം** .... 11
ഫാ. സക്കറിയ തോമസ്, പുതുപ്പള്ളി

**തമാശയ്ക്കുള്ള സമയമല്ലിത്** .... 12
മാർ ജോസഫ് പാംപ്ലാനി

**Approach to substance abuse in adolescents** .... 14
Dr. Nishad Koya A.

**വാർത്തകൾ-അറിയിപ്പുകൾ** .... 16

ഇടയിൽ പ്രായമുള്ളവർ. ബഹുപൂരിപക്ഷവും മധ്യവയസ്കർ. എൻ.ഡി.എ.യിൽ പെട്ട ഒരു എം.പി.യെ പോലും തെരഞ്ഞെടുത്തയയ്ക്കാത്ത കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്കും ഈ മന്ത്രിസഭയിൽ പ്രാതിനിധ്യമുണ്ട്. തികഞ്ഞ രാഷ്ട്രീയക്കാരും, മുൻ ബ്യൂറോക്രാറ്റുകളും പ്രശസ്ത ശാസ്ത്രജ്ഞരും, അക്കാദമികരും, രാഷ്ട്രീയത്തിലെത്തിയ കലാകാരും, കായികതാരങ്ങളുമെല്ലാം ഈ ടീമിലുണ്ട്. അതിപ്രഗത്ഭരായ അരുൺ ജയ്റ്റ്ലി, സുഷമാ സ്വരാജ് എന്നിവരുടെ അഭാവം നികത്താൻ അമിത് ഷാ, എസ്. ജയശങ്കർ എന്നിവരെ ഉൾപ്പെടുത്തിയിരിക്കുന്നു.

ദേശീയവും അന്തർദേശീയവുമായ അനേക വെല്ലുവിളികളെ നേരിടേണ്ടതുണ്ട് ഈ മന്ത്രിസഭയ്ക്ക്. ബി. ജെ.പി. ഒരു വർഗ്ഗീയ പാർട്ടിയാണ് എന്നും ഹിന്ദു വർഗ്ഗീയതായാണ് അതിന്റെ പ്രചാരണ തന്ത്രം എന്നതുമാണ് അതിനെതിരെ മിക്ക ഇതര പാർട്ടികളും ഉയർത്തുന്ന ഒരപവാദം. അതു തെറ്റാണ് എന്നു തെളിയിക്കുന്നതിനുള്ള ശ്രമകരമായ പരിശോധനകളാണ് കാഷ്മീർ, രാമക്ഷേത്രം മുതലായ രൂപങ്ങളിൽ മോദി സർക്കാരിനെ കാത്തുനിൽക്കുന്നത്. സ്വതന്ത്ര ഇൻഡ്യയുടെ സാമ്പത്തിക വളർച്ചാ നിരക്ക് സർവ്വകാല മിനിമത്തിൽ എത്തിനിൽക്കുകയാണ് ഈ വർഷപാദത്തിൽ എന്ന് സർക്കാർ രേഖകളിൽ തന്നെ കാണുന്നു. എന്നാൽ 2025-ാം ആണ്ടോടെ സാമ്പത്തിക വളർച്ചാനിരക്കിൽ ചൈനയെ മുൻകടന്ന് ഇൻഡ്യ ലോകത്ത് അഞ്ചാം സാമ്പത്തിക ശക്തിയാകും എന്നാണ് മുൻ പ്രവചനം. ഇതു സാധ്യമാക്കുന്ന നിലയിലെത്തിക്കേണ്ടത് മോദി സർക്കാരിനു മറ്റൊരു വെല്ലുവിളിയാണ്. സ്വാതന്ത്ര്യം ലഭിച്ചിട്ട് ഏഴു പതിറ്റാണ്ടുകൾക്കധികമായിട്ടും ഇന്നും രാജ്യം ദാരിദ്ര്യം, അനാരോഗ്യം, നിരക്ഷരത. പാർപ്പിടമില്ലായ്മ മുതലായ ദുരവസ്ഥകളെ നേരിടുന്നു. ഇവയ്ക്കു പരിഹാരമുണ്ടാക്കേണ്ടത് ഇൻഡ്യ അഭിമുഖീകരിക്കുന്ന വേറൊരു വെല്ലുവിളിയാണ്. മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനമാണല്ലോ ആഹാരം, അതുൽപാദിപ്പിക്കുന്ന കർഷകർ ഇന്ന് ഇൻഡ്യയിൽ ഏറ്റവും ദുരിതമനുഭവിക്കുന്ന ജനവിഭാഗമാണ്. ഏറ്റവും വാങ്ങൽ ശേഷി (purchase power) കുറഞ്ഞവരും അവർ തന്നെ. കടക്കെണിയിൽപ്പെട്ട് അവർ ഇന്ന് മിക്ക സംസ്ഥാനങ്ങളിലും ആത്മഹത്യയിൽ മോചനം തേടുകയാണ്. രാജ്യത്തിനു തന്നെ അപമാനകരമായ ഈ ദയനീയാവസ്ഥ സർക്കാരിന് കടുത്ത ഭീഷണിയാണ്. എതിർക്കാൻ മാത്രം അറിയുന്ന, ഉത്തരവാദിത്ത ബോധം തൊട്ടുതീണ്ടാത്ത, ഭരണമോഹം മാത്രം കൈമുതലായുള്ള പ്രതിപക്ഷവും ഇൻഡ്യയ്ക്ക് എന്നുമൊരു ഭീഷണിയായിരുന്നിട്ടുണ്ട് എന്ന കാര്യവും

*(ശേഷം 6-ാം പേജിൽ)*

മെത്രാപ്പോലീത്തായുടെ കത്ത്

# ഡോ. ഡി. ബാബു പോൾ: ചില മായാത്ത ഓർമ്മകൾ

(തുടർച്ച)

സഭാവിഷയങ്ങൾ വൈകാരികതലത്തിൽ കൈകാര്യം ചെയ്യുവാൻ ബാബുപോൾ ഒരുക്കമായിരുന്നില്ല. അതുകൊണ്ട് പാത്രിയർക്കീസ് വിഭാഗത്തിൽ നിലകൊണ്ടപ്പോഴും ആ പക്ഷത്തിന്റെ നടപടികൾ അതേപടി അംഗീകരിക്കുവാൻ അദ്ദേഹം കൂട്ടാക്കിയില്ല. ഈ സ്വാതന്ത്ര്യബോധം പാത്രിയർക്കീസ് വിഭാഗത്തെ അദ്ദേഹത്തിൽ നിന്ന് അകറ്റി. ആ കക്ഷിയിലെ ചില ഞരമ്പുരോഗികളായ കൊച്ചുമെത്രാച്ചന്മാർ അദ്ദേഹത്തിന്റെ നിലയും വിലയും മനസ്സിലാക്കാതെ അദ്ദേഹത്തെ പരസ്യമായി തന്നെ പുലഭ്യം പറഞ്ഞതും എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവേകവും പക്വതയും ഇല്ലാത്ത സഭാദ്ധ്യക്ഷൻമാർ സഭയുടെ ഗതി നിയന്ത്രിക്കുന്നതിന്റെ കഥയാണല്ലോ അതിന്റെ സമകാലീന ചരിത്രം തന്നെ. ബാബുപോൾ സ്വയം 'ഞാനും ഒരു പാത്രിയർക്കീസ് കക്ഷിക്കാരൻ' എന്ന് അവകാശപ്പെടുമ്പോഴും അദ്ദേഹത്തെ ഉൾക്കൊള്ളുവാൻ ആ വിഭാഗത്തിന് കഴിഞ്ഞില്ല. വിഭജിച്ച് തമ്മിലടിക്കുമ്പോൾ മാന്യതയും സഭയുടെ വിളിയും മറന്നവർ ആണല്ലോ അതിന്റെ അമരത്തുള്ളവർ. അവർക്ക് അദ്ദേഹത്തെപ്പോലുള്ളവരുടെ സേവനം ആവശ്യമായി വരുമ്പോഴും അല്ലെങ്കിൽ അതില്ലാതെ കാര്യം നടക്കില്ല എന്ന പ്രതിസന്ധി സംജാതമാകുമ്പോഴും മാത്രം അദ്ദേഹത്തെ സമീപിക്കും. ഇടുങ്ങിയ കക്ഷിതാത്പര്യങ്ങൾക്കുപരി സഭയുടെ വിശാലതാത്പര്യങ്ങൾക്ക് വിലകൊടുക്കുന്നവർക്ക് സഭയിൽ അനുഭവിക്കേണ്ടിവരുന്ന ദുർഗ്ഗതി അദ്ദേഹത്തിനുമുണ്ടായി എന്നു മാത്രം. കക്ഷി ഏതായാലും മതഭ്രാന്തന്മാർക്ക് ആധിപത്യമുള്ള സംവിധാനങ്ങളിൽ ഇത് സാധാരണ സംഭവിക്കുന്ന കാര്യമാണ്. അതുകൊണ്ട് സ്വതന്ത്രബുദ്ധിയുള്ളവർ എന്നും ഭള്ളുകേൾക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു എന്ന് ചിന്തിച്ചാൽ മതി.

എന്നാൽ ഇത്തരം വിമർശനങ്ങളോടും പെരുമാറ്റങ്ങളോടും ബാബുപോളിന്റെ പ്രതികരണം എപ്പോഴും നർമ്മമാണ്. നിർദോഷമായ ഹാസ്യം. തന്നെ കുത്തിനോവിക്കുന്നവരേയും തന്റെമേൽ ആഭാസവർഷം ചൊരിയുന്നവരേയും കടന്നാക്രമിക്കുവാൻ അദ്ദേഹത്തിന്റെ സംസ്കാരം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. പക്ഷെ അദ്ദേഹത്തിന്റെ നർമ്മത്തിന്റെ മർമ്മം വിവരദോഷികൾക്ക് മനസ്സിലാകുമായിരുന്നില്ല എന്നുമാത്രം. അടുത്ത കാലത്ത് അദ്ദേഹത്തിന്റെ ഒരു വീഡിയോ പ്രഭാഷണം കേൾക്കുവാൻ എനിക്കവസരം കിട്ടി. അതിൽ സഭയും സഭാനേതാക്കളും പൊതുസമൂഹത്തിൽ വിമർശന വിധേയരാകുന്നതിനെപ്പറ്റി അദ്ദേഹം വിലപിക്കുന്നു. ഇത്തരത്തിലുള്ള ആരോപണങ്ങൾ അടിസ്ഥാന രഹിതമായിരിക്കാം. ഒരു പക്ഷേ അവ കഴമ്പുള്ളതാകാനും മതി. എന്നാൽ അദ്ദേഹം സഭയേയും അതിലെ നേതാക്കളേയും വെള്ളപൂശാനോ, പ്രതിസ്ഥാനത്ത് നിർത്താനോ ശ്രമിക്കുന്നില്ല. ഇത്തരം സാഹചര്യത്തിൽ അവർ കരുതലോടെ ജീവിക്കുകയും സംസാരിക്കുകയും ചെയ്യുന്നില്ല എങ്കിൽ അപവാദപ്രചാരണം സ്വാഭാവികമായി ഉണ്ടാകും എന്നും ജനങ്ങൾ ഇവ ശ്രദ്ധിക്കുന്നുണ്ട് എന്നും അദ്ദേഹം അവരെ ഓർമ്മിപ്പിക്കുന്നു. ജനങ്ങളുടെ ജീവിത രീതിക്ക് സമീപകാലത്ത് സംഭവിച്ചിരിക്കുന്ന അവഭ്രംശം സഭാനേതാക്കന്മാർ സ്വയം മനസ്സിലാക്കി സഭയുടെ അന്തസ്സ് കാക്കണം എന്നാണ് നർമ്മശൈലിയിൽ അദ്ദേഹം മുന്നറിയിപ്പ് നൽകുന്നത്. സംശയത്തിന്റെ നിഴൽ സൃഷ്ടിക്കാതെ പറയാനുള്ളത് അദ്ദേഹം പറയുന്നു. അതായത് സഭാനേതാക്കൾ സഭയെ പ്രതിയെങ്കിലും ആത്മവിമർശനത്തിന് തയ്യാറായില്ലെങ്കിൽ സഭയായിരിക്കും അവഹേളിതയാകുന്നത് എന്ന് അവർ തിരിച്ചറിഞ്ഞാൽ നന്ന് എന്ന് നർമ്മരസത്തോടെ അദ്ദേഹം സൂചിപ്പിക്കുന്നു. ഇവിടെ സഭാനേതാക്കന്മാരെ വിമർശിക്കുവാൻ ശ്രമിക്കാതെ ഗുപ്തമായ നർമ്മ ശൈലിയിലൂടെ അദ്ദേഹം മേൽപറഞ്ഞ കാര്യം ആരോപിതരുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ബാബുപോൾ ചീഫ് സെക്രട്ടറിസ്ഥാനത്ത് നിയമിതനായേക്കും എന്ന വാർത്ത പരന്ന ഘട്ടത്തിൽ അതിനെതിരെ സർക്കാരിന് കത്തയച്ചത് പാത്രിയർക്കീസ് കക്ഷി നേതാക്കൾ തന്നെ ആയിരുന്നു എന്ന് അദ്ദേഹം സ്മരിക്കുന്നു. അദ്ദേഹത്തിന്റെ അയോഗ്യതാപട്ടിക നിരത്തി അദ്ദേഹത്തെ ആ സ്ഥാനത്ത് നിയമിക്കരുത് എന്ന ഉള്ളടക്കത്തോടുകൂടിയ ഇംഗ്ലീഷ് ഭാഷയിലുള്ള കത്തായിരുന്നു അത്. ആ പരാതി വായിക്കുന്നതിനുള്ള അവ

സരം ബാബുപോളിന് കിട്ടി. ശൈലി-വ്യാകരണ പിശകുകൾ നിറഞ്ഞ ആ കത്തിനെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു: “അത് അയയ്ക്കുന്നതിന് മുമ്പ് എന്നെ ഒന്ന് കാണിച്ചിരുന്നെങ്കിൽ ഞാനത് തിരുത്തികൊടുക്കുമായിരുന്നു. ഈ എഴുത്തു വായിച്ച മന്ത്രിക്ക് എന്റെ സഭയുടെ നേതൃത്വത്തിന്റെ നിലവാരത്തെപ്പറ്റി എന്ത് ധാരണയാണ് ഉണ്ടായിക്കാണുക! സഭയുടെ മാനത്തെപ്രതി ഞാനത് ശുദ്ധമായ ഇംഗ്ലീഷ് ഭാഷയിലാക്കിക്കൊടുക്കുമായിരുന്നു.” തനിക്കെതിരെ പരാതി കൊടുത്തതിൽ ബാബുപോളിന് പരാതിയില്ല. അദ്ദേഹം ആരാണെന്ന് സർക്കാരിനറിയാമായിരുന്നു. എന്നാൽ നേതാക്കന്മാർ പൊട്ട ഇംഗ്ലീഷിൽ പരാതി എഴുതി സഭയെ അപമാനിച്ചതിലായിരുന്നു അദ്ദേഹത്തിന്റെ ദു:ഖം: ഇതാണ് ബാബുപോളിന്റെ നർമ്മത്തിന്റെ സവിശേഷത. ഇതു പറഞ്ഞ് അദ്ദേഹം ഊറിച്ചിരിച്ചത് ഇന്നും എന്റെ ഓർമ്മയിൽ നിന്ന് മാഞ്ഞിട്ടില്ല.

മൂവാറ്റുപുഴയിലെ ശ്രേഷ്ഠ ബാവ കാലം ചെയ്തപ്പോൾ അദ്ദേഹത്തിന്റെ അക്ഷോഭ്യതയും നന്മയും വെളിപ്പെടുത്തുന്നതിന് ബാബു പോൾ പറഞ്ഞ ഒരു കമന്റ് ഏറെ ശ്രദ്ധ പിടിച്ചുപറ്റിയതാണ്. “വാല്യക്കാരന് വാലുമുളച്ചപ്പോഴും അതു കണ്ട് ആസ്വദിച്ച ആളാണ് ശ്രേഷ്ഠ ബാവ” എന്നായിരുന്നു പ്രയോഗം. തന്റെ വാല്യക്കാരന് മെത്രാൻ പദവി കിട്ടിയതു പോലും ശ്രേഷ്ഠ കാതോലിക്ക പൗലോസ് ദ്വിതീയൻ ബാവയെ അലോസരപ്പെടുത്തിയില്ല. അത്ര നല്ല മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. എന്ന് പറയാനാണ് ബാബുപോൾ ഉദ്ദേശിച്ചത്. അല്ലാതെ വാലുമുളച്ച വാല്യക്കാരനെ പരിഹസിക്കുകയായിരുന്നില്ല അദ്ദേഹത്തിന്റെ നർമ്മപ്രയോഗത്തിന്റെ ലക്ഷ്യം. വാല്യക്കാരന് സ്ഥാനം കിട്ടിയത് ബാവയുടെ സ്വൈര്യം കെടുത്തിയില്ല. അദ്ദേഹം വാലുകണ്ട് ആസ്വദിച്ചത്രെ.! അത്രമാത്രം അക്ഷോഭ്യതയും സൗമനസ്യവും അദ്ദേഹത്തിനുണ്ടായിരുന്നു എന്നു പറയുവാനേ അദ്ദേഹം ഉദ്ദേശിച്ചുള്ളൂ. തന്റെ കൂടെ വാല്യക്കാരനായി വന്ന് മെത്രാനായപ്പോൾ തന്നെ പീഡിപ്പിക്കുന്നതിൽ ഹരം കണ്ടെത്തിയ വ്യക്തിയുടെ സമീപനം ആസ്വദിച്ച ബാവയുടെ ശ്രേഷ്ഠത ഇത്രയും ഭംഗിയായി അവതരിപ്പിക്കുവാൻ കഴിയുന്നത് ബാബുപോളിന്റെ മാത്രം സിദ്ധിയാണ്. വ്യക്തിപരമായി ആരേയും അദ്ദേഹം പരിഹസിക്കുന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. തീർച്ചയായും അദ്ദേഹത്തിന്റെ നർമ്മത്തിൽ ഒരു ഉദാത്തമായ നിഗൂഢത (subtility) ഉണ്ട് എന്നത് സത്യമാണ്. അത് ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്യുന്നു.

മലങ്കരസഭയിൽ നിർഭാഗ്യവശാൽ 1970-ൽ വീണ്ടും പിളർപ്പ് ഉണ്ടായപ്പോൾ അതിൽ ഏറെ വേദനിച്ച ഒരാളായിരുന്നു ബാബുപോൾ. സ്വന്തം സഭയിലെ ഭിന്നത എന്ന നിലയിൽ മാത്രമായിരുന്നില്ല ഈ ദു:ഖം. 1958 നു ശേഷം യോജിച്ച സഭയിലെ നേതൃത്വത്തിലും അല്ലാതെയുമുള്ള നിരവധി വ്യക്തികളുമായി അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പം നിലനിൽക്കെയാണ് ഇത്തരം ഒരു ഭിന്നത സഭയിൽ ഉടലെടുത്തത്. പാത്രിയർക്കീസ് വിഭാഗത്തിൽ നിൽക്കുകയും അതിന്റെ നിലനിൽപ്പിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്തപ്പോഴും വിഭാഗ സീമകൾക്ക് അതീതമായ ബന്ധങ്ങൾ അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു. അതുകൊണ്ട് സഭയിലെ വിളർപ്പ് അദ്ദേഹത്തിന് ഒരു സ്വകാര്യ ദു:ഖം കൂടിയായിരുന്നു. പാത്രിയർക്കീസ് വിഭാഗത്തെ അതിന്റെ പ്രാരംഭകാലത്ത് അദ്ദേഹം ഏറെ സഹായിച്ചു. എന്നിട്ടും അതിന്റെ നന്ദി അവർക്ക് ഒരിക്കലും ഉണ്ടായിരുന്നില്ല. തലസ്ഥാന നഗരിയിൽ മേൽവിലാസവും ശ്രദ്ധേയമായ ഒരു സ്ഥാനത്ത് മനോഹരമായ ഒരു പള്ളിയും സൃഷ്ടിച്ചത് അദ്ദേഹത്തിന്റെ പരിശ്രമ ഫലമായിട്ടായിരുന്നു. പാത്രിയർക്കീസ്മാരുടെ ഓരോ സന്ദർശനവും ഒരു സംഭവമായി മാറ്റിയതിൽ നിർണ്ണായക പങ്ക് വഹിച്ചതും അദ്ദേഹം തന്നെയായിരുന്നു. എന്നാൽ ഒരു വർഷം മുമ്പ് പാത്രിയർക്കീസ് ബാവ തിരുവനന്തപുരത്ത് വരികയും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖന്മാരെ സന്ദർശിക്കുകയും ചെയ്തപ്പോൾ ആ കൂട്ടത്തിൽ ബാബുപോളിനെ കൂടി ക്ഷണിക്കുവാനോ, കാണുവാൻ അവസരം ഉണ്ടാക്കുവാനോ പോലും സഭാനേതാക്കന്മാർ ആരും ശ്രദ്ധിച്ചില്ല. നിസ്തുലമായ സഭാസേവനം നടത്തിയ സഭയുടെ വിശ്വസ്തപുത്രന് ഉണ്ടായ അവഗണന. ഈ നൊമ്പരം ഒരു ടെലിഫോൺ സംഭാഷണത്തിൽ അദ്ദേഹം ഞാനുമായി പങ്കുവയ്ക്കുകയുണ്ടായി.

1995-ലെ സുപ്രീം കോടതി വിധി സഭയിൽ ഐക്യം സ്ഥാപിക്കുവാൻ ദൈവം കനിഞ്ഞുനൽകിയ ദാനമായിരുന്നു എന്നും ആ അവസരം മുൻ പാത്രിയർക്കീസ് കക്ഷിയിലെ സ്വാർത്ഥമതികൾ ദുരുപയോഗപ്പെടുത്തിയെന്നും അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ഈ അഭിപ്രായം നേതാക്കന്മാർക്ക് സുഖിക്കുന്നതായിരുന്നില്ല എന്നതും ഒരു വസ്തുതയായിരുന്നു. 1998-ൽ പാത്രിയർക്കീസ് ബാവയെ കാണാൻ കൊച്ചി വിമാനത്താവളത്തിലെത്തിയ മുൻ കേന്ദ്രമന്ത്രി എ. എം. തോമസിന് പാത്രിയർക്കീസ് വിഭാഗം തീവ്ര

വാദികളിൽ നിന്ന് ഉണ്ടായ തിക്താനുഭവത്തിനും കാരണം അദ്ദേഹം സഭൈക്യത്തോടുകാണിച്ച ആഭിമുഖ്യം തന്നെ. നേതാക്കന്മാരുടെ സ്വാർത്ഥതയ്ക്ക് പിൻതുണ നൽകുകയാണല്ലോ അംഗീകാരത്തിന്റെ മാനദണ്ഡം. 1995-ലെ സുപ്രീം കോടതി വിധിയും തുടർന്ന് സഭാഭരണഘടനയിൽ വരുത്തിയ നീതിപൂർവ്വമായ മാറ്റങ്ങളും ഭരണഘടനയുടെ ജനകീയ വൽകരണവും വഴി സഭയുടെ ഐക്യത്തിന് അടിസ്ഥാനമുണ്ടായി എന്ന് ബാബുപോൾ ദൃഢമായി വിശ്വസിച്ചിരുന്നു. ഇരു വിഭാഗങ്ങൾക്കും നീതി ലഭിച്ച വിധിയായിരുന്നു അത്. ഒരു ഭരണഘടന, ഒരു കാതോലിക്ക, ഒരു പാത്രിയർക്കീസ് എന്ന കോടതിയുടെ ആശയം അദ്ദേഹം സർവ്വാത്മനാ സ്വാഗതം ചെയ്തിരുന്നു. അതിൻപ്രകാരം ഐക്യം നടത്താതെ പോയതിൽ ഏറ്റവും അധികം ദു:ഖിച്ച മനുഷ്യനായിരുന്നു അദ്ദേഹം.

പാത്രിയർക്കീസ് പക്ഷത്തെ സ്വാർത്ഥരായ നേതാക്കന്മാർ സഭയിൽ ബദൽ സംവിധാനം സൃഷ്ടിച്ചപ്പോൾ ഓർത്തഡോക്സ് സഭയുമായി സഹകരിക്കാൻ ഒരു സമയത്ത് അദ്ദേഹം ഗൗരവമായി ആലോചിച്ചിരുന്നു. 2002-ൽ മലങ്കര അസോസിയേഷൻ ചേർന്ന് സഭാഭരണ സംവിധാനം ഉണ്ടാക്കിയപ്പോൾ അതിൽ ഏതെങ്കിലും ഒരു സ്ഥാനം ഏറ്റെടുക്കാൻ അദ്ദേഹം തയ്യാറാകുമോ എന്ന് ഞാൻ ആരാഞ്ഞിരുന്നു. സഭാ ട്രസ്റ്റി ആകുന്നതിനൊന്നും താത്പര്യമില്ല എന്നും വർക്കിംഗ് കമ്മിറ്റിയിൽ പ്രവർത്തിക്കുന്നതിനെപ്പറ്റി ആലോചിക്കാമെന്നും അദ്ദേഹം സമ്മതിച്ചു. ഞാൻ അതു സംബന്ധിച്ച് മാത്യൂസ് ദ്വിതിയൻ ബാവയോടു സംസാരിച്ചു. "ബാബു വർക്കിംഗ് കമ്മിറ്റിയിൽ വരുന്നെങ്കിൽ എനിക്ക് ഏറ്റവും സന്തോഷം" എന്നായിരുന്നു ബാവയുടെ പ്രതികരണം. എന്നാൽ തങ്ങളെക്കാൾ വലിയവൻ ആ സമിതിയിൽ വരുന്നതിൽ താത്പര്യമില്ലാത്തവർ ബാവയുടെ നിർദ്ദേശത്തെ വെട്ടി. പിന്നീട് ബാവയോട് എന്താണ് അക്കാര്യത്തിൽ സംഭവിച്ചതെന്ന് ചോദിച്ചപ്പോൾ അർത്ഥഗർഭമായ മൗനവും പുഞ്ചിരിയും ആയിരുന്നു മറുപടി. 2002-ൽ അസോസിയേഷൻ കഴിഞ്ഞ് തിരുവനന്തപുരം ഭദ്രാസനം ഏറ്റെടുക്കുന്നോ എന്ന് ബാബുപോൾ എന്നോട് ചോദിച്ചു. ഇല്ല, കണ്ടനാട് ഭദ്രാസനത്തിന്റെ അന്നത്തെ അവസ്ഥയിൽ ഭദ്രാസനം മാറാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം എന്തുകൊണ്ടാണ് എന്നോട് അങ്ങനെ ചോദിച്ചത് എന്നാരാഞ്ഞപ്പോൾ "തിരുമേനി ഇങ്ങോട്ട് പോരുന്നെങ്കിൽ അതിന്റെ മറവിൽ എന്റെ ഇടവക മെമ്പർഷിപ്പ് സെന്റ് ജോർജ് പള്ളിയിലേക്ക് മാറ്റാം എന്നു ചിന്തിച്ചു. വെറുതെ എങ്ങനെയാണ് ഇടവക മാറുന്നത്.? തിരുമേനി ഇങ്ങോട്ടു വരുന്നെങ്കിൽ ആ ന്യായം പറഞ്ഞ് അങ്ങനെ ചെയ്യാമായിരുന്നു" എന്ന് അദ്ദേഹം പറഞ്ഞു. സഭാസ്നേഹിയായ ഒരു വലിയ മനുഷ്യനെ ഉൾക്കൊള്ളാനുള്ള സന്മനസ്സും, ഹൃദയവിശാലതയും ഓർത്തഡോക്സുകാരും കാണിച്ചില്ല. അതുകൊണ്ടാണ് പിന്നീട് അദ്ദേഹം പറഞ്ഞത് "ഞാനൊരു അൽമായക്കാരൻ. എവിടെ നിൽക്കാനും സ്വാതന്ത്ര്യമുണ്ട്. എവിടെ നിന്നാലും വ്യത്യാസവുമില്ല. തിരുമേനി എടുത്ത നിലപാടിൽ മുൻപോട്ട് പോകുക. അതാണ് ശരി." അങ്ങനെ അദ്ദേഹം സാഹചര്യം കൊണ്ട് പാത്രിയർക്കീസ് പാളയത്തിൽ നിലകൊണ്ടു. ഞാൻ സഭയുടെ ഭാവിയെക്കരുതി ഐക്യപ്രക്രിയയിൽ പങ്കുചേരുകയും ചെയ്തു.

കണ്ടനാട് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ രൂപം കൊണ്ട എല്ലാ സംരംഭങ്ങളിലും പിന്തുണ നൽകാനുള്ള സ്നേഹവും സന്മനസ്സും അദ്ദേഹം എന്നും പ്രദർശിപ്പിച്ചിട്ടുണ്ട് എന്നത് നന്ദിയോടെ ഓർക്കുന്നു. സഭയിൽ സുവിശേഷത്തിന്റെ സ്വാധിനത്തിൽ പുതുജീവൻ ഉണ്ടാകണമെന്ന് ബാബുപോൾ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു. ഈ ലക്ഷ്യം മുൻനിർത്തി കോലഞ്ചേരിയിൽ സുഖദ ധ്യാന കേന്ദ്രത്തിന് ശിലാസ്ഥാപനം നടത്തിയപ്പോഴും പണിതീർത്ത് സമർപ്പണ ശുശ്രൂഷ നടത്തിയപ്പോഴും അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതുപോലെ 'സമന്വയ' യുടെ ഉദ്ഘാടന ചടങ്ങിലും അദ്ദേഹം വിശിഷ്ടാതിഥികളോടൊപ്പം സന്നിഹിതനായിരുന്നു. നട്ടെല്ലിന് ക്ഷതമേറ്റവരുടെ പരിശീലന-പുനരധിവാസകേന്ദ്ര (സ്വാശ്രയ) ത്തിന്റെ ശിലാസ്ഥാപന-ഉദ്ഘാടന വേളകളിലും അദ്ദേഹം പങ്കെടുത്തു. എന്നോടുള്ള വ്യക്തിപരമായ അടുപ്പവും ഈ ഭദ്രാസനം ആരംഭിച്ചിട്ടുള്ള പ്രസ്ഥാനങ്ങളോടുള്ള താല്പര്യവുമായിരുന്നു അദ്ദേ

## അറിയിപ്പ്

ഒരു വർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും വരിസംഖ്യാ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ്ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

### ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്

1 വർഷത്തേക്ക് - 100 രൂ.
ആയുഷ്ക്കാലം - 1000 രൂ.
വിദേശത്ത് - 6000 രൂ.

ഹത്തിന്റെ ഈ സഹകരണത്തിന് കാരണമായിരുന്നിട്ടുള്ളത്. അതുപോലെ തന്നെ സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സമന്വയയിൽ വച്ച് നടന്ന ഗ്ലോബൽ ഓർത്തഡോക്സ് സൈക്കോതെറാപ്പിസ്റ്റ് കോൺഫറൻസിലും അദ്ദേഹം പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ഇവിടെ നടന്നുവ ന്നിരുന്ന എല്ലാ വികസന-ജീവകാരുണ്യ-ആത്മീക പ്രവർത്തനങ്ങളിലും ബാബുപോളിന്റെ പ്രാർത്ഥനയും സഹായസഹകരണങ്ങളും ഉണ്ടായിരുന്നു എന്നത് തികഞ്ഞ കൃതജ്ഞതയോടെ ഓർക്കുന്നു. സമന്വയയിൽ വച്ച് നടന്ന ഒരു എക്യുമെനിക്കൽ സെമിനാറിൽ സംബന്ധിച്ച് പ്രബന്ധം അവതരിപ്പിക്കുവാൻ യാത്ര തിരിച്ച അദ്ദേഹത്തിന് പാത്രിയർക്കീസ് കക്ഷിക്കാരുടെ ഭീഷണിമൂലം തിരികെ പോകേണ്ടതായി വന്നു എന്നതും വിസ്മരിക്കുന്നില്ല.

എന്റെ എപ്പിസ്കോപ്പൽ രജത ജൂബിലിയോടനുബന്ധിച്ച് ഡയോസിസൻ ബുള്ളറ്റിൻ ഒരു വിശേഷാൽപ്പതിപ്പ് പ്രസിദ്ധീകരിച്ചിരുന്നു. അതിൽ ഞാൻ വ്യക്തിപരമായി ശ്രദ്ധിച്ചിരുന്നില്ല. ബാബുപോളിനോട് അതിലേക്ക് ഒരു ലേഖനം ചോദിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കാതെ പോയി. എന്നിട്ടും അദ്ദേഹം ആയിടയ്ക്ക് പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽ ഒരദ്ധ്യായം എന്റെ എപ്പിസ്കോപ്പൽ രജത ജൂബിലിയുടെ സ്മരണിക ആക്കാൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ മരണശേഷം തന്റെ ബന്ധുകൂടിയായ അടുത്ത കാലത്ത് ദിവംഗതനായ മണ്ണാർപ്രായിൽ അച്ചനിൽ നിന്നാണ് ആ വിവരം ഞാൻ അറിഞ്ഞത്. എന്റെ അന്വേഷണക്കുറവ് ഉണ്ടായിരുന്നിട്ടും എന്റെ ജീവിതത്തിലെ പ്രത്യേക സംഭവങ്ങൾ അറിയുകയും ശ്രദ്ധിക്കുകയും ചെയ്തു എന്നതും എന്റെ ഹൃദയത്തിൽ നന്ദി നിറയ്ക്കുന്ന ഓർമ്മയാണ്.

2017-ലെ സുപ്രിം കോടതി വിധിയെതുടർന്ന് സഭൈക്യം ലക്ഷ്യമാക്കി ഞാൻ എഴുതിയ ലേഖനങ്ങളുടെ സമാഹാരമായി 'കോടതിവിധി വിഭജനത്തിനല്ല-ഐക്യത്തിന്' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധികരിച്ചു. അതിന് ആമുഖമെഴുതിത്തരാൻ സന്തോഷപൂർവ്വം അദ്ദേഹം സമയം കണ്ടെത്തി. ആ പുസ്തകത്തിന്റെ രണ്ടു കോപ്പികൾ ഞാൻ തിരുവനന്തപുരത്ത് ചെന്നപ്പോൾ അദ്ദേഹത്തെ നേരിൽ കണ്ട് നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ശരീരം അല്പം സ്തൂലിച്ചും, ചലനങ്ങൾ ലേശം മന്ദിച്ചും കണ്ടത് പ്രായത്തിന്റേതായി മാത്രമേ ഞാൻ ചിന്തിച്ചുള്ളൂ. മരണം ആസന്നമായതിന്റെ സൂചനയായി ഞാൻ സംശയിച്ചതേയില്ല. ദീർഘസമയം സംസാരിച്ചു പിരിഞ്ഞു. ഈ ലോകത്തുവച്ച് ജീവനോടെ ഇനിയും കാണുകയില്ല എന്ന തോന്നലൊന്നും ആ കൂടിക്കാഴ്ചയിൽ എനിക്ക് ഉണ്ടായില്ല. എന്നാൽ ദൈവഹിതം അതല്ലായിരുന്നു. മനുഷ്യന്റെ ആയുസ്സ് ദൈവമാണല്ലോ നിർണ്ണയിക്കുന്നത്. ഈ അനുസ്മരണക്കുറിപ്പ് ഇവിടെ അവസാനിപ്പിക്കുന്നു. കർത്താവിന്റെ വീണ്ടും വരവിൽ തേജസിന്റെ വാടാത്ത കിരീടം സ്വീകരിക്കുവാനുള്ള സൗഭാഗ്യം ആ ദൈവദാസന് ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ശ്ലീഹാനോമ്പിന്റെ എല്ലാ അനുഗ്രഹങ്ങളും വായനക്കാർക്ക് നേരുന്നു.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്

മെത്രാപ്പോലീത്ത

---

*(2-ാം പേജിൽ നിന്ന് തുടർച്ച)*

മറക്കാനാവില്ല. സർക്കാരിന്റെ ഏതു ആശയത്തേയും നടപടിയേയും അന്ധമായി എതിർക്കുക എന്നതുമാത്രമാണ് പ്രതിപക്ഷ ധർമ്മം എന്നു തോന്നിപ്പിക്കുന്നതാണ് പലപ്പൊഴും പാർലമെന്റിലേയും അസംബ്ലികളിലേയും പ്രതിപക്ഷങ്ങളുടെ പ്രകടനം എത്രയെത്ര വിലപ്പെട്ട പ്രവൃത്തി ദിനങ്ങളാണ് കവലച്ചട്ടമ്പികളെപ്പോലെ ബഹളമുണ്ടാക്കി അസംബ്ലി, പാർലമെന്റ് സാമാജികർ നഷ്ടമാക്കുന്നത്! ഇതിന്റെയൊക്കെ മറക്കാനാവാത്ത എത്രയെത്ര ടി.വി.ദൃശ്യങ്ങളാണ് അവരെയൊക്കെ വൻ പ്രതീക്ഷകളോടെ തെരഞ്ഞെടുത്തയക്കുന്ന സാധാരണക്കാരായ നമ്മുടെയൊക്കെ മനസ്സിലുള്ളത്. ഇതൊക്കെ കാട്ടിക്കൂട്ടുന്നവർക്ക് മറ്റുള്ളവരുടെ ഏതുകുറ്റകൃത്യത്തെയാണ് ആത്മാർത്ഥതയോടെ പഴിക്കാനാവുക?. നീട്ടുന്നില്ല, കൃത്യബോധമില്ലാത്ത പ്രതിപക്ഷവും സർക്കാരിന് അപഹാസ്യമായ വെല്ലുവിളിയാണ് ഉയർത്തുന്നത്.

ഏതായാലും അഭിമാനകരമായ ഭൂരിപക്ഷത്തോടെ മോദി സർക്കാർ രണ്ടാമൂഴത്തിന് തയ്യാറെടുക്കുന്നു. ഏതു വിമർശനത്തേയും അപവാദത്തെയും ആ ത്മാർത്ഥതയും സത്യസന്ധതയും, സ്നേഹവും വഴി അതിജീവിച്ച്, 'ജനശബ്ദം ഈ സ്വര ശബ്ദമാണെ'ന്ന ബോധ്യത്തോടെ രാജ്യത്തെ ഒരു ക്ഷേമ രാഷ്ട്രമായി മാറ്റുവാൻ പുതിയ സർക്കാരിന് സാധിക്കട്ടെ എന്ന് ഹൃദയപൂർവ്വം ആശംസിക്കുന്നു. □

പ്രബോധനം

# ആന്തര ജീവിതം സമ്പന്നമാക്കുക

സ്വാമി തേജോമയാനന്ദ

മാനുഷിക മൂല്യങ്ങൾ തകരുകയാണെന്ന് പറയുന്നവർ ആ മൂല്യങ്ങൾ എന്താണെന്നും അവയ്ക്ക് എങ്ങനെ ച്യുതി സംഭവിക്കുന്നു എന്നും അവയെ പുനർസ്ഥാപിക്കുന്നതിന് എന്തു ചെയ്യാൻ നമുക്ക് സാധിക്കുമെന്നുമെല്ലാം അറിഞ്ഞിരിക്കേണ്ടതുണ്ട്. മൂല്യച്യുതി വിവിധ തലങ്ങളിൽ സെമിനാറുകൾ, വർക്ഷോപ്പുകൾ, കോൺഫ്രൻസുകൾ എന്നിവ വഴി ചർച്ചചെയ്യപ്പെടുന്നുണ്ട്. ഉള്ളിന്റെ ഉള്ളിൽ ഇതു സംബന്ധിച്ച് എന്താണ് വേണ്ടതെന്ന് നമുക്കെല്ലാം അറിയാം. എന്നാൽ പ്രവൃത്തിപഥത്തിൽ വരുമ്പോൾ നാം താനെ പിന്മാറുന്നു.

ഒരിക്കൽ ഒരു പത്രപ്രവർത്തകൻ ഇന്നത്തെ സാഹചര്യത്തിൽ യുവാക്കളുടെ ഭാവിയെക്കുറിച്ച് ആശങ്കയുണ്ടോ എന്ന് എന്നോട് ചോദിക്കുകയുണ്ടായി. ഇല്ല എന്നു ഞാൻ ഉത്തരം പറഞ്ഞപ്പോൾ അയാൾ അത്ഭുതപ്പെട്ടുപോയി. മനുഷ്യന് സ്വയം വളാകുന്നിനുള്ള സ്വാതന്ത്ര്യം ഉണ്ട്. അതുപോലെ തന്നെ സ്വയം വരുത്തിവച്ച വിനകൾ തന്നെത്താൻ ശരിപ്പെടുത്താനും കഴിവുണ്ട്. ഇതാണ് മനുഷ്യപ്രകൃതത്തിന്റെ സൗന്ദര്യം, ഒന്നിലും വിഷാദിക്കേണ്ട കാര്യമില്ല. വിഷാദം ഒരിക്കലും ഗുണകരമല്ല.

ധാർമ്മികാധപതനം സംഭവിക്കുന്നു എന്ന ചിന്തയ്ക്ക് രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, നാം വസ്തുക്കൾക്ക് മൂല്യങ്ങളെക്കാൾ വില കൽപിക്കുന്നു എന്നതാണ്. രണ്ടാമത്തെ കാരണം, ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ വസ്തുക്കൾ (materials) അല്ല എന്ന് തിരിച്ചറിയാത്തതാണ്. ഓരോരുവനും ജീവിതം ധന്യമാക്കുന്നതിനുള്ള ജന്മ സിദ്ധമായ ഒരു തൃഷ്ണയുണ്ട്. നമുക്ക് സുരക്ഷ കിട്ടണം. പിന്നെ സുഖം വേണം പിന്നീട് കൂടുതൽ സുഖവും സന്തോഷവും. ഭൗതിക സ്വത്തുക്കൾ ഉള്ളവർക്ക് അവരുടെ വരുമാനം വർദ്ധിപ്പിക്കണമെന്നും ആർഭാടം കൂട്ടണമെന്നും മോഹമുണ്ടാകുന്നു.

ധനീകരണ (enrichment) ത്തിന് രണ്ടുവശങ്ങളുണ്ട്, ബാഹ്യവും ആന്തരീകവും. നമ്മുടെ ബാഹ്യ ജീവിതം സമ്പന്നമാക്കുന്നതിന് കൂടുതൽ ശ്രമവും പണവും ആവശ്യമുണ്ട്. സ്വർണ്ണവും രത്നങ്ങളുമൊന്നുമില്ലാതെ നമുക്ക് കഴിഞ്ഞുകൂടാം. എന്നാൽ പ്രകൃതി നമുക്ക് വെറുതെ തരുന്ന വായുവും, ജലവും, ഭക്ഷണവും കൂടാതെ ജീവിക്കാനാകാ. അവ വില കെട്ട വസ്തുക്കളല്ല; മറിച്ച്, വിലപ്പെട്ടവ തന്നെയാണ്. പക്ഷേ സൗജന്യമാണ്. അതുപോലെ നാം ജീവിക്കുന്ന ഇടവും യഥാർത്ഥത്തിൽ സൗജന്യമാണ്. പക്ഷെ നാം സ്ഥലത്തിന് വിലയിട്ട് അതിനെ വില്പനച്ചരക്കാക്കുന്നു. സത്യത്തിൽ ഇടം, വായു, ജലം, സൗരോർജ്ജം എന്നിവയെല്ലാം പ്രകൃതിയുടെ ദാനങ്ങളാണ്.

നാം പ്രകൃതിയുടെ സമ്മാനങ്ങളെ സ്വീകരിക്കുന്നു. അവളുടെ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി നാം അവയെ വിവിധ രൂപങ്ങളിലാക്കി വിലയേറിയവയും അപൂർവ്വവുമാക്കുന്നു. നാം അവയ്ക്ക് വില നിർണ്ണയിക്കുകയും കഴുത്തറുപ്പൻ മത്സരങ്ങൾക്ക് വഴി വയ്ക്കുകയും ചെയ്യുന്നു. "ജീവിക്കുക, ജീവിക്കാൻ അനുവദിക്കുക" (Live and let live)എന്ന പ്രമാണം "കൊല്ലുക അല്ലെങ്കിൽ കൊല്ലപ്പെടുക" (Kill or be killed) എന്നു മാറ്റിക്കുറിച്ചിരിക്കുന്നു!

വായുവിന്റെ സൗന്ദര്യം നാമെല്ലാം അതു ശ്വസിക്കുന്നു എന്നതും അതേസമയം അതിനുവേണ്ടി മത്സരമില്ല എന്നുള്ളതുമാണ്. നാം നമ്മേത്തന്നെ മേലാളന്മാരെന്നും ബുദ്ധിമാന്മാരെന്നും വിളിക്കുകയും മറ്റുജന്തുക്കളെയും ചെടികളെയും നിഷ്കരുണം നശിപ്പിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ അവയിലാണ് നമ്മുടെ ക്ഷേമം നില കൊള്ളുന്നത്. കാരണം നമ്മെക്കൂടാതെ സസ്യലോകവും ജന്തുലോകവും പുലരും. എന്നാൽ നമുക്ക് അവയെക്കൂടാതെ കഴിഞ്ഞുകൂടാൻ വയ്യ. മേലാളന്മാരുടെ ധർമ്മം കീഴാളന്മാരെ സംരക്ഷിക്കുകയാണ്. കൂടുതൽ അഭ്യസ്തവിദ്യർ വിദ്യയിൽ കുറഞ്ഞവരെ പാലിക്കുകയാണ് ന്യായം. ശക്തർ അശക്തരേയും.

ഈ പ്രമാണങ്ങളൊന്നും ഇന്ന് ശ്രദ്ധിക്കപ്പെടുന്നതേയില്ല. കാരണം നാം പണത്തിന് അതിരുകവിഞ്ഞ പ്രാധാന്യം കൽപിക്കുന്നു. അങ്ങനെ വസ്തുക്കൾ നമുക്ക് മൂല്യങ്ങളേക്കാൾ വിലപ്പെട്ടതായി മാറിയിരിക്കുന്നു. നമുക്ക് നമ്മുടെ ജീവിതത്തെ വസ്തുക്കൾ കൊണ്ടുമാത്രം ധന്യമാക്കുവാൻ സാധിക്കുമൊ? ബാഹ്യജീവിതം കൂടുതൽ പണം പിടുങ്ങി സമ്പന്നമാക്കാം. എന്നാൽ സ്നേഹം, ദയ. വിശ്വസ്തത എന്നിവയുടെ അഭാവത്തിൽ മനുഷ്യവർഗ്ഗത്തിന് നില നിൽപില്ല. ജീവൻ ഭൂമുഖത്ത് നില നിൽക്കണമെങ്കിൽ നാം നമ്മുടെ ആന്തരജീവിത (inner life) ത്തെ സമ്പന്നമാക്കേണ്ടതുണ്ട്.

(D.C യോടു കടപ്പാട്)

ചിന്ത

# പാദപ്രക്ഷാളനം

വചനം: വി.യോഹന്നാൻ 13:14,15

**ജോയി മേക്കോട്ടിൽ**

"നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം."

അതിഥികൾ വിരുന്നുശാലയിലേക്കു പ്രവേശിക്കുമ്പോൾ ഏറ്റവും താഴ്ന്ന നിലയിലുള്ള പരിചാരകർ ചെയ്തുകൊടുക്കേണ്ട കാര്യമാണ് അതിഥിയുടെ കാൽ കഴുകുകയെന്നത്. അബ്രാഹാമിനെ സന്ദർശിക്കാനെത്തുന്ന അതിഥികളെ പാദം കഴുകി വീടിനകത്തേയ്ക്ക് ആനയിക്കുന്നതിന്റെ സൂചന പഴയനിയമത്തിലുണ്ട്. പൊടിപടലങ്ങൾക്കിടയിലൂടെ നടന്നെത്തുന്നവരുടെ പാദം കഴുകുകയെന്നത് ആചാരത്തിലേറെ ഒരാവശ്യമായിരുന്നു ആ നാടിന്. വീട്ടിലെ അടിമകൾക്കായിരുന്നു പൊതുവെ അതിന്റെ ചുമതല. പെസഹാവിരുന്നിലേക്കാണ് കടന്നുവരുന്നതെങ്കിലും ക്രിസതുവിനെ പിൻപറ്റുന്ന ദരിദ്രശിഷ്യർക്ക് എവിടെന്ന് അടിമകൾ? അതുകൊണ്ടവർ പരസ്പരം സഹായിക്കുക ആയിരുന്നിരിക്കണം പതിവ്. പക്ഷേ തങ്ങളിൽ ആരാണ് വലിയവനെന്ന, വഴിയിലെ തർക്കത്തിന്റെ തുടർച്ച ഓരോരുത്തരുടേയും ഉള്ളിൽ വല്ലാതെ കുരുങ്ങിപ്പോയതുകൊണ്ടു തന്നെയാകണം അന്ന് ആരും അതിനൊരുക്കമായിരുന്നില്ല.

അപ്പോൾ യേശു മുന്നോട്ടു വന്ന് പാത്രത്തിൽ വെള്ളം പകർന്ന്, കച്ചയെടുത്ത് അരയ്ക്കുചുറ്റി ശിഷ്യരുടെ കാലുകൾ കഴുകുന്നു. ഇടയ്ക്ക് പത്രോസ് യേശുവിനെ തടയുന്നുണ്ട്. ഇവിടെ പത്രോസിന് ലഭിക്കുന്ന തെല്ല് ശകാരം കലർന്ന മറുപടിയിൽ ഈ പ്രവൃത്തിയുടെ ആന്തരികത മുഴുവൻ വെളിപ്പെടുന്നുണ്ട്. ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോട് പങ്കില്ല എന്നു തന്നെ! യേശുവിന്റെ ജീവനിൽ പങ്കുകാരാകാനുള്ള വഴി അവന്റെ മാംസം ഭക്ഷിക്കുകയും, രക്തം കുടിക്കുകയുമാണെന്ന് ഭരമേൽപിച്ച അതേ ആർജ്ജവത്തോടെയാണീ മൊഴികളുമെന്നോർമ്മിക്കുക. യോഹന്നാന്റെ സുവിശേഷത്തിൽ വി.കുർബ്ബാനസ്ഥാപനത്തെ വിവരിക്കുന്നില്ല. അതിനു പകരമായി ഒരു കൂദാശയുടെ വിശുദ്ധിയോടെ വിശദീകരിക്കുന്നത് പരസ്പരം പാദപ്രക്ഷാളനം നടത്താനുള്ള ഗുരുമൊഴികളാണ്. ഈ പെസഹാ ശിഷ്യരോടൊത്തു ആചരിക്കുവാൻ താൻ ഏറെ ആഗ്രഹിച്ചു എന്ന വെളിപ്പെടുത്തലോടെയാണ് അവസാന അത്താഴം ആരംഭിക്കുന്നതു തന്നെ. പെസഹ എന്ന വാക്കിനർത്ഥം കടന്നുപോകൽ എന്നാണല്ലോ. അവന്റെ കടന്നുപോകലിനു മുമ്പായി സ്നേഹശാഠ്യത്തോടെ തന്റെ ശിഷ്യർക്കു നൽകുന്ന എക്കാലത്തേക്കുമുള്ള മാതൃക തന്നെയാണിത്. "ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണ"മെന്ന്.

ഇതുവരെ പറഞ്ഞതും പഠിപ്പിച്ചതും ഒക്കെ വെറുതെ. അതുകൊണ്ടാണല്ലോ ആരാണ് വലിയവനെന്ന തർക്കം വഴിയിലവരെ ഉലയ്ക്കുന്നത്. അതുകൊണ്ടാണവൻ വാക്കുകൾക്കുപകരം പ്രവൃത്തികൊണ്ടുതന്നെ അവരെ അവസാനമായി തിരുത്താൻ ശ്രമിക്കുന്നത്. ഇനി ജീവിതത്തിന്റെ ശേഷിപ്പുകളിൽ വാക്കിനപ്പുറത്തുള്ള കഷ്ടതകളുടെ കാസയാണ് കുടിക്കാനുള്ളതെന്ന് വാക്കുകൾകൊണ്ട് ആർക്ക് മനസ്സിലാവാൻ!

ഏതുകാലത്തും ഇത് ഇങ്ങനെയൊക്കെത്തന്നെയാണ്. പ്രവൃത്തിയില്ലാത്ത വാക്ക് എന്നും പൊള്ളയാണ്. അതിനാകട്ടെ നമ്മുടെ ജീവിതപരിസരങ്ങളിൽ ഒട്ടുമേയില്ല പഞ്ഞം. വീട്ടകങ്ങളിൽ മുതൽ ആദ്ധ്യാത്മിക ജീവിതത്തിൽ വരെ. അന്തമില്ലാത്ത അധികാരത്തർക്കങ്ങളുടെ അഹന്ത നിറഞ്ഞ വിധിതീർപ്പുകളിൽ, പരസ്നേഹത്തെ വിസ്മരിച്ചുപോകുന്ന സഭാജീവിതത്തിൽ ഞാനും ദൈവവും മാത്രമുൾക്കൊള്ളുന്ന സഹോദരനെ കയ്യൊഴിയുന്ന ആത്മീയതയുടെ പുത്തൻ വ്യക്തിവൽക്കരണത്തിൽ ..... എന്തിന്, ശാഠ്യം നിറഞ്ഞ പ്രാർത്ഥനകളുടെ വാചോപടുതയിലൊക്കെ നിറയുന്നത് മുഴങ്ങുന്ന ചെമ്പോ ചേങ്ങലയോ പോലെ പൊള്ളയായ വാക്കുകൾ മാത്രമായി പരിമിതപ്പെട്ടുപോകുന്നുണ്ടോ...? ഇതുകൊണ്ടൊക്കെയാവും നമ്മൾ വലിയ വലിയ കാര്യങ്ങൾ പറയുന്നുവെങ്കിലും വെറും സാധാരണ മനുഷ്യൻ മാത്രമാണെന്ന് ഡോ. എസ്. രാധാകൃഷ്ണൻ നമ്മേക്കുറിച്ച് പരിഭവം പറഞ്ഞത്.

അധികാരത്തിനും ആധിപത്യത്തിനും യേശു പ്രസംഗിച്ച ദൈവരാജ്യത്തിൽ ഇടമില്ലെന്നും, കൂടുതൽ ചെറുതാവുകയാണ് പ്രധാനമെന്നും ഇതിൽപ്പരം എങ്ങനെയാണൊരാൾക്ക് ഓർമ്മപ്പെടുത്താനാവുക. പരസ്പരം പാദപ്രക്ഷാളനം നടത്തി അപരനെക്കൂടി എന്റെ ജീവിതത്തിലേക്ക് സ്വീകരിക്കുവാൻ അങ്ങനെ ആ ജീവന്റെ പങ്കുകാരാകാൻ വ്രതശുദ്ധിയുടെ നാൾവഴികളെങ്കിലും നമുക്ക് ബലം നൽകട്ടെ.

ലേഖനം

# ക്രിസ്ത്യാനിയും യോഗയും

ഫാ. സൈജു തുരുത്തിയിൽ

തിരക്കുള്ള ഒരു നഗരത്തിലെ ഓഡിറ്റോറിയം. ധാരാളം ആൾക്കാർ ആവേശത്തോടെ അങ്ങോട്ട് നടന്നു നീങ്ങുന്നത് കണ്ടാണ് ഞാനും ശ്രദ്ധിച്ചത്. ശ്രീ ശ്രീ രവി ശങ്കറിന്റെ ആർട്ട് ഓഫ് ലിവിംങ് കോഴ്സ് നടക്കുന്ന സ്ഥലമാണത്. ജാതി മതഭേദമന്യേ ധാരാളം ജനങ്ങൾ കോഴ്സിനു വന്നുകൊണ്ടിരുന്നു. ഞാൻ നോക്കുമ്പോൾ എനിക്ക് പരിചയമുള്ള ഏതാനും ക്രിസ്തീയ വിശ്വാസികൾ ഭാര്യയോടും മക്കളോടുമൊപ്പം ഹോളിലേക്ക് പ്രവേശിക്കുന്നു. പെട്ടെന്ന് ഞാൻ അതിൽ ഒരു കുടുംബത്തെ വിളിച്ചുണർത്തി ചോദിച്ചു: എന്താ ഇവിടെ?

മറു ചോദ്യം ഞാൻ പ്രതീക്ഷിച്ചില്ല. അച്ചനെന്താ ഇവിടെ?

ഞാൻ ഒരു യാത്രക്കിടയിലാണ് എന്റെ ഉത്തരം അവർക്ക് തൃപ്തി തരുന്നതായിരുന്നു.

ഞങ്ങൾ വന്ന് ഇത് കൂടിയ വിവരം മറ്റാരും അറിയണ്ട കേട്ടോ. ഇത് ഞങ്ങളുടെ രണ്ടാമത്തെ കോഴ്സാ. വളരെ നന്നായിട്ടുണ്ട് എന്നു പറഞ്ഞ് അവർ നടന്നു നീങ്ങി.

ഒളിച്ചും, പാത്തും, പതുങ്ങിയും യോഗ ചെയ്യുന്ന ക്രിസ്ത്യാനികൾ. എന്തേ ഇങ്ങനെ? യോഗ ക്രൈസ്തവന് നിഷിദ്ധമാണോ? ക്രിസ്ത്യാനി യോഗ ചെയ്യുന്ന കാര്യം മറ്റൊരു ക്രിസ്ത്യാനി അറിഞ്ഞാൽ? ഇതാണ് പ്രശ്നം ആധ്യാത്മിക മത പാരമ്പര്യമെന്നതിനേക്കാൾ ഒരു ജീവിതാവസ്ഥയായി യോഗയെ കാണാൻ നമുക്ക് കഴിയണം. യോഗ ആത്മീയതയിലുള്ള എല്ലാ നന്മകളും ക്രിസ്തീയ ജീവിതത്തിലേക്ക് കൂട്ടിച്ചേർക്കാനുള്ള ഒരു ഉൾക്കരുത്താണ് നമുക്ക് വേണ്ടത്.

ക്രൈസ്തവ സമൂഹത്തിൽ കുറേപ്പേർ ആകുലതയോടെ നോക്കിക്കാണുന്ന ഒന്നാണ് യോഗ. യോഗ ഹിന്ദുവിന്റേതാണെന്നും, അതിൽ പിശാചുണ്ടെന്നും, സാത്താൻ പൂജയാണെന്നും മറ്റുമുള്ള ഒട്ടേറെ കഥകൾ ഇന്ന് നമ്മുടെ ഇടയിലുണ്ട്. യോഗ പരിശീലിക്കുന്ന ക്രിസ്ത്യാനികളെ രണ്ടാം തരക്കാരായാണ് പലരും കാണുക. ക്രിസ്ത്വാനുഭവ യോഗാധ്യാനം തുടങ്ങിയത് ഈയൊരു പശ്ചാത്തലത്തിലാണ്. ധാരാളം വെല്ലുവിളികളും ഭീഷണികളും കുറ്റാരോപണങ്ങളും ഇതിനിടയിൽ ഞാൻ അഭിമുഖീകരിച്ചിട്ടുണ്ട്. കാരണം ഒന്നേയുള്ളൂ– ഈ യോഗാ ധ്യാനം ക്രിസ്തീയമാണോ അല്ലയോ? സീറോ മലബാർ സഭാ സിനഡ് ഇതിന് കൃത്യമായ ഒരുത്തരം നൽകുന്നുണ്ട്.

''ഭാരതത്തിലെ വിവിധ മത, സംസ്കാര പശ്ചാത്തലത്തിൽ ജീവിക്കുന്ന ക്രൈസ്തവർ സാത്വികമായ എല്ലാ പ്രതീകങ്ങളെയും ആദരിക്കുന്നവരാകണമെന്നു സീറോ മലബാർ സഭ സിനഡ് ആഹ്വാനം ചെയ്തു. സംസ്കാരത്തിലെ നല്ല ദാനങ്ങൾ ഉൾക്കൊള്ളണമെന്നതു സാസ്ക്കാരികാനുരൂപണം സംബന്ധിച്ച സഭയുടെ പ്രബോധനമാണ്. ഭാരത സംസ്ക്കാരത്തിൽ പൊതുസമൂഹം സർവ്വാത്മനാ സ്വീകരിച്ചിട്ടുള്ള ബിംബങ്ങളും പ്രതീകങ്ങളും സഭയും സ്വീകരിച്ചിട്ടുണ്ട്. നിലവിളക്ക്, ആയുർവേദം, യോഗ, താലികെട്ട്, പുടവ കൊടുക്കൽ തുടങ്ങിയവ ഉദാഹരണങ്ങളാണ്. ശരീരത്തിനും മനസ്സിനും ഉപകാരപ്രദമായ പരിശീലനങ്ങളും ചികിത്സാ സമ്പ്രദായങ്ങളും സ്വീകരിക്കുന്നത് ഏതെങ്കിലും മതത്തിന്റേതായി പരിഗണിക്കേണ്ടതില്ല. ധ്യാനങ്ങൾ, വചനപ്രഘോഷണങ്ങൾ, സെമിനാറുകൾ തുടങ്ങിയ സന്ദർഭങ്ങളിൽ ഇങ്ങനെയുള്ള പ്രതീകങ്ങളെയും ശാരീരിക സൗഖ്യസമ്പ്രദായങ്ങളെയും പൈശാചികമായി ആരെങ്കിലും ചിത്രീകരിക്കുന്നുണ്ടെങ്കിൽ ബന്ധപ്പെട്ടവർ അതു തിരുത്തണം. എല്ലാ സമുദായങ്ങളുമായും മതങ്ങളുമായും സൗഹൃദത്തിലും ഐക്യത്തിലും സഹവസിക്കാൻ ക്രൈസ്തവർ പ്രത്യേകം ശ്രദ്ധിക്കണം. ക്രൈസ്തവന്റെ തനിമ പരസ്പര സ്നേഹത്തിന്റേതാണ് ''. (ദീപിക, 2013 ഓഗസ്റ്റ് 30 വെള്ളി. പേജ് – 9)

മാത്രമല്ല, ക്രൈസ്തവ ആധ്യാത്മികതയ്ക്ക് ഒരു കുറവുപോലും വരുത്താതെ, ദൈവിക രഹസ്യങ്ങളിലേക്ക് നമ്മുടെ വിശ്വാസത്തെ ചേർത്തുനിർത്തുകയാണ് യോഗയിലൂടെ. ക്രിസ്തീയതയും യോഗയും വളരെ ശക്തമായ രണ്ടു പാരമ്പര്യങ്ങളാണ്. ഈ രണ്ടു പാരമ്പര്യങ്ങളെ യഥാവിധി മനസ്സിലാക്കിയാൽ സംശയവും ആകുലതകളും നമുക്ക് നീങ്ങിക്കിട്ടും. യോഗ ഒരു ആത്മീയ സാധനയാണ്. ഇത് സാത്താനോ സാത്താന്റെ പ്രവൃത്തിയോ അല്ല. 13 വർഷമായിട്ട് ഈ ആത്മീയ വഴിയേ സഞ്ചരിക്കുന്ന എനിക്ക് യാതൊരു ബുദ്ധിമുട്ടും കൂടാതെ ഇത് സാക്ഷ്യപ്പെ

ടുത്താൻ കഴിയും. നമ്മൾ വളർന്നു വന്ന ഒരു സംസ്കാരത്തോടും ആത്മീയതയോടും ആഴമുള്ള ഒരടുപ്പം തോന്നുക സ്വാഭാവികമാണ്. മാതാപിതാക്കളോടുള്ള ആഴമായ ബന്ധം, സഭയോടുള്ള സ്നേഹം, സന്ധ്യാപ്രാർത്ഥന, വിശുദ്ധ കുർബ്ബാന, മറ്റ് കൂദാശകൾ, തിരുനാളുകൾ തുടങ്ങിയവയെ ജീവിതത്തോട് കൂട്ടിച്ചേർത്ത് കൊണ്ടുപോയ ഒരു സംസ്ക്കാരം. ഈ സംസ്ക്കാരത്തെ തകർത്തുകൊണ്ടല്ല ഇതിലേക്ക് വരേണ്ടത് മറിച്ച് അതിൽ നിന്നുകൊണ്ട് തന്നെ ഇതിനെ രുചിച്ചറിയാൻ നമുക്ക് കഴിയും; കഴിയണം.

2008-ൽ പ്രസിദ്ധീകരിച്ച Forum on Religion and Public Life എന്ന പുസ്തകത്തിൽ, പ്രായപൂർത്തിയായ അമേരിക്കക്കാരിൽ 28% അവർ വളർന്നുവന്ന വിശ്വാസം ഉപേക്ഷിച്ചവരാണ് എന്ന് കണ്ടെത്തിയിരിക്കുന്നു. 20% മറ്റ് മതങ്ങളിലേക്ക് മാറിയവരാണ്. റോമൻ കത്തോലിക്കാ സഭയ്ക്കാണ് ഏറ്റവും കൂടുതൽ വിശ്വാസികളെ നഷ്ടപ്പെട്ടിരിക്കുന്നതെന്നും അവർ കണ്ടെത്തിയിരിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ധാരാളം ക്രൈസ്തവർ ഭാരതത്തിലേക്ക് ആത്മസാക്ഷാത്കാരം ലക്ഷ്യമാക്കി എത്തുന്നുണ്ട്. അവരെല്ലാവരും യോഗാ പരിശീലനത്തെ ആശ്ലേഷിക്കുന്നവരാണ്. പക്ഷേ ഇവരെ മറ്റുള്ളവർ കാണുന്നത് വിശ്വാസത്തിൽ നിന്ന് അകന്നു ജീവിക്കുന്നവരായിട്ടും വഴിതെറ്റിയവരായിട്ടും ഒറ്റുകാരായിട്ടുമാണ്. എന്താണ് യോഗാ ആത്മീയത എന്ന യഥാർത്ഥ കാഴ്ചപ്പാട് നമുക്കില്ലാത്തതുകൊണ്ടാണ് ഇങ്ങനെ. ഭയന്നുവിറച്ച്, ആകുലതയോടെ, ആരും കാണാതെ യോഗ പരിശീലിക്കുന്ന ക്രൈസ്തവ വിശ്വാസികളുണ്ട് നമ്മുടെയിടയിൽ. ഇവർ ആത്മാർത്ഥതയുള്ളവരാണ്. ലോകത്തെക്കുറിച്ചും മറ്റുള്ളവരെക്കുറിച്ചും ശ്രദ്ധയുള്ളവരാണ്. അവരുടെ ആത്മീയ വളർച്ചയെ അവർ ഗൗരവമായി കാണുന്നവരാണ്. ദൈവവുമായുള്ള ബന്ധത്തെയും ഒപ്പം മറ്റുള്ളവരുമായുള്ള ബന്ധത്തെയും കൂടുതൽ ആഴപ്പെടുത്താൻ സഹായിക്കുന്ന ഈ ആധ്യാത്മിക പരിശീലനം എന്തുകൊണ്ട് നമ്മൾ എതിർക്കുന്നു എന്നറിയില്ല. അജ്ഞത കൊണ്ടും തുറവിയില്ലായ്മകൊണ്ടും മാത്രം...

ആധ്യാത്മിക ജീവിതത്തിൽ, നിശബ്ദതയുടെയും ശാന്തതയുടെയും ദൈവാനുഭവം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവരൊക്കെ കൂട്ടമായി നമ്മുടെ ഇടയിൽ നിന്നും പിന്മാറുന്ന ഒരവസ്ഥ ഇപ്പോൾ നമ്മുടെ ഇടയിലുണ്ട്. അവർ അന്വേഷിക്കുന്നത് ക്രിസ്തു രഹസ്യത്തിന്റെ ആഴമായ അനുഭവമാണ്. അതിന് നിശബ്ദത അഥവാ മൗനം അത്യാവശ്യമാണ്. മൗനത്തിൽ മാത്രമാണ് ഈ ക്രിസ്തുരഹസ്യത്തിന്റെ ചുരുളഴിയുന്നതും. ക്രിസതുരഹസ്യത്തിൽ കൂടുതൽ വളർച്ച പ്രാപിച്ചവർക്ക് കൂടുതൽ മൗനം ആവശ്യമാണ്. ധാരാളം ആളുകൾ ശബ്ദകോലാഹലം ഉണ്ടാക്കുന്നത് മറ്റുള്ളവരുടെ ശ്രദ്ധ ലഭിക്കാൻ വേണ്ടിയാണ്.

മൗനം എല്ലായ്പ്പോഴും പൂർണ്ണതയുടെ അടയാളമാണ്. മൗനം പൂർണ്ണതയുടെ ഭാഷയാകുമ്പോൾ, ശബ്ദം ജീവിതത്തിന്റെ ന്യൂനതയുടെയും ക്രമരാഹിത്യത്തിന്റെയും പ്രകടനമാണ്. കുട്ടികൾ പൊതുവെ ശബ്ദമുണ്ടാക്കുന്നവരാണ്. അവരുടെ ഊർജ്ജത്തിന്റെയും ഉത്സാഹത്തിന്റെയും പ്രകടനമാണത്. എന്നാൽ പ്രായം ചെന്നവർ മൗനത്തിലാണ്. കാരണം അവർക്ക് ഊർജ്ജം കുറവാണ്. ശബ്ദം അവരെ തളർത്തുന്നു. ബഹളങ്ങളുടെ ആത്മീയതയിലേക്ക് സമൂഹം നീങ്ങിക്കൊണ്ടിരിക്കുന്നു. മൈക്ക്, വാദ്യമേളങ്ങൾ, കരിമരുന്ന് കലാപ്രകടനം, ഗാനമേള ഇങ്ങനെ പോകുന്നു നമ്മുടെ ആത്മീയാഘോഷം. അത്ഭുതം പ്രവർത്തിക്കുന്ന ക്രിസ്തുവിലേക്ക് ഒരു വലിയ ജനക്കൂട്ടം നീങ്ങിക്കൊണ്ടിരിക്കുന്നു. വളരെ ഉപരിവിപ്ലവമായ ഒരു ക്രിസ്തു ആത്മീയതയാണ് ഇന്ന് വിശ്വാസികൾ അന്വേഷിക്കുന്നതും കണ്ടെത്തുന്നതും. പ്രപഞ്ചവുമായി ഇഴുകി ചേരുന്ന ഒരാത്മീയതയെക്കുറിച്ച് ചിന്തിക്കാൻ പോലും ആരും തയ്യാറാവുന്നില്ല.

ക്രിസ്തുവിലേക്ക് നോക്കി ക്രിസ്തു ആത്മീയത സ്വന്തമാക്കിയാലേ നമുക്ക് കെട്ടുറപ്പുള്ള ഒരാത്മീയത രൂപപ്പെടുത്താൻ കഴിയൂ. ക്രിസതുവിന്റെ ചിട്ടകളെ ക്രൈസ്തവർ ശീലങ്ങളാക്കി മാറ്റണം. യോഗാശാസ്ത്രം പറയുന്നതും നല്ല ശീലങ്ങളെ വളർത്തേണ്ടതിനേക്കുറിച്ചാണ്. നിശബ്ദതയുടെ നല്ല ശീലം വളർത്താൻ നമുക്കാവട്ടെ. പക്ഷേ ഇന്നിന്റെ സംസ്ക്കാരത്തിൽ ഈ നിശബ്ദതയുടെ ആത്മീയത സ്വന്തമാക്കാൻ നമ്മിൽ നിന്ന് ഒരുപാട് പരിശ്രമം വേണം. നിശബ്ദത എന്നാൽ, നമ്മുടെ മാനുഷികമായ എല്ലാ ബന്ധങ്ങളും ചില സമയത്തേക്ക് മുഴുവൻ വേണ്ടെന്ന് വച്ച് പൂർണ്ണമായും ക്രിസ്തുവിനോട് ഒന്നായിച്ചേരുന്ന നിമിഷമാണ്. നമ്മുടെ കുട്ടികൾക്ക് യോഗയിലൂടെ ചെറുപ്പം മുതലേ നൽകേണ്ട പരിശീലനം ഇത് തന്നെയാണ്. അവിടെയാണ് നമ്മുടെ മക്കൾ യഥാർത്ഥ ദൈവാനുഭവത്തിലേക്ക് വരിക. സങ്കീർത്തനം 46:10 ൽ നാം വായിക്കുന്നു. ''ശാന്തമാകുക ഞാൻ ദൈവമാണെന്നറിയുക.'' *(തുടരും)*

വായനശാല

# സരോവിലെ വി.സെറാഫിം

ഫാ. സക്കറിയ തോമസ്, പുതുപ്പള്ളി

മതനിരാസത്തിന്റെ ഇരുണ്ട കാർമേഘങ്ങൾ റഷ്യൻ സഭാന്തരീക്ഷത്തിൽ നിറഞ്ഞപ്പോൾ പരിശുദ്ധ റൂഹായുടെ ജ്വാലകളാൽ സഭയെ ശോഭിപ്പിച്ച പുണ്യവാനായിരുന്നു സരോവിലെ വി. സെറാഫിം. (1759–1833). പ്രത്യയശാസ്ത്രത്തിന്റെ മൂടുപടമണിഞ്ഞ് ലൗകികത സഭയുടെ അടിസ്ഥാന ശിലകളെ ഇളക്കുമെന്നു സെറാഫിം ദീർഘദർശനം ചെയ്തു. അദ്ദേഹം പറഞ്ഞു "നമ്മുടെ കാലത്ത് ക്രിസ്തു ഏറെ അപരിചിതനായിത്തീരുന്നു. ആദിമ സഭയുടെ വിശുദ്ധി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഉപരിവിപ്ലവമായ നവോത്ഥാനത്തെ കൂടെക്കൂട്ടി ഇരുണ്ട മറവിയെ നാം ഇറുകെപ്പുണരുന്നു". വിശുദ്ധ സെറാഫിമിന്റെ ജീവിത വൃക്ഷം വി. വേദപുസ്തകമാകുന്ന വളക്കൂറുള്ള മണ്ണിൽ വേരുറപ്പിച്ച് പരിശുദ്ധ റൂഹായാകുന്ന ജീവരസത്തിന്റെ നനവിൽ വളർന്ന് ദൈവാനുഭവത്തിന്റെ ചിദാകാശത്ത് ശിഖരങ്ങൾ നീട്ടി.

പരിശുദ്ധ റൂഹായുടെ അനുഭവമായിരുന്നു വി.സെറാഫിമിന്റെ ജീവിതസന്ദേശം. താപസന്റെ ഉള്ളിലെ പരിശുദ്ധാത്മ ജ്വലനം അദ്ദേഹത്തിനോപ്പമുണ്ടായിരുന്ന ജനത്തിനു അനുഭവവേദ്യമായി.

ലോകത്തിന്റെ പ്രഭുവായ സാത്താനോടുള്ള പോരാട്ടം താപസന് യഥാർത്ഥ അനുഭവമായിരുന്നു. ഈ ലോകജീവിതത്തെ അന്യവൽക്കരിക്കാതെ യേശുക്രിസ്തുവിൽ ആശ്രയിച്ച് ഇവിടെത്തന്നെ ദൈവരാജ്യാനുഭവത്തെ ഖനനം ചെയ്തെടുക്കുവാൻ അവിടന്ന് ഉത്സുകനായി. ജനസമൂഹങ്ങൾ അംഗീകരിക്കുന്ന ആത്മീയ ഗുരുവായി ഉയർത്തപ്പെട്ടപ്പോഴും മൗനമുദ്രിതമായ ഏകാന്തതകൊണ്ടാണ് അവരെ അഭിമുഖീകരിച്ചത്.

പരിശുദ്ധ റൂഹായെ സംബന്ധിച്ച് ശിഷ്യനായ മൊട്ടോവിലോയുമായി നടത്തിയ സംഭാഷണമാണ് ഈ ഗ്രന്ഥത്തിലെ പ്രധാന പ്രതിപാദ്യം. ആത്മാന്വേഷിയായ ശിഷ്യന്റെ പൂർവ്വശ്രമത്തെ വിശദീകരിച്ചുകൊണ്ടാണ് സെറാഫിം ആരംഭിക്കുന്നത്. നമ്മുടെ ക്രൈസ്തവ ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം ദൈവത്തിന്റെ പരിശുദ്ധ റൂഹായെ നേടുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഉപവാസം, ദാനധർമ്മം, പ്രാർത്ഥന തുടങ്ങി എല്ലാ നന്മകളും അതിനുള്ള ഉപാധികളാണ്. ക്രിസ്തുവിനെ പ്രതിയുള്ള സത്പ്രവൃത്തികളേ നമുക്ക് ഉപകാരപ്പെടുന്നുള്ളൂ. എന്നോടുകൂടെ ചേർക്കാത്തവർ ചിതറിച്ചു കളയുന്നു. (ലൂക്കോ.11:23). ഏതു ജനതയിൽപ്പെട്ടവനായാലും അവിടത്തേക്ക് സ്വീകാര്യരാണ്. (പ്രവൃത്തികൾ 10:5). പരിശുദ്ധ റൂഹായെ നേടുക എന്നത് അദ്ദേഹം തുടർന്നു വിശദീകരിക്കുന്നു. പണസമ്പാദനത്തിന്റെ അർത്ഥമെന്താണ്? തീർച്ചയായും നമുക്കത് മനസ്സിലാകും. ദൈവാത്മാവിനെ നേടുന്നതും ഇതുപോലെ തന്നെയാണ്. സാധാരണക്കാരായ ലൗകികരുടെ ജീവിത ലക്ഷ്യം പണം സമ്പാദിക്കുക എന്നതും ഭരണകർത്താക്കളുടേത് ബഹുമതി നേടുക എന്നതുമാണ്. പരിശുദ്ധ റൂഹായെ നേടുന്നതും ഒരു മൂലധനമാണ്. അത് കൃപാദായകവും അനശ്വരവുമാണ്. മേൽപ്പറഞ്ഞ ലൗകിക സമ്പാദ്യം നേടുന്ന വിധത്തിൽ ദൈവാനുഭവവും സമ്പാദിക്കാം. യേശു നമ്മുടെ ജീവിതത്തെ കമ്പോളത്തോടാണ് താരതമ്യപ്പെടുത്തുന്നത്. ഞാൻ വരുവോളം വ്യാപാരം ചെയ്തു കൊൾവിൻ (ലൂക്കോ. 19:13), നന്മ പ്രവർത്തിക്കുന്നതിന് നമ്മുടെ സമയത്തിന്റെ അധിക ഭാഗവും വിനിയോഗിക്കുക.

പത്തു കന്യകമാരുടെ ഉപമയിലെ വിവേക രഹിതരായ കന്യകമാർക്കു കുറവുള്ള എണ്ണ പരിശുദ്ധ റൂഹായെ നേടുന്നതിൽ അവർ വരുത്തിയ കുറവാണ്. ഈ അലംഭാവം കൊണ്ടാണ് അവർ വിവേക രഹിതർ എന്ന് വിളിക്കപ്പെടുന്നത്. അവർ എണ്ണ വാങ്ങാൻ ചന്തയിൽ പോയി. ചന്ത പലപ്പോഴും നമ്മുടെ ജീവിതം തന്നെയാണ്. അവർ തിരികെ എത്തിയപ്പോൾ വാതിൽ അടയ്ക്കപ്പെടുകയും ചെയ്തു. ധനികനും ദരിദ്രനും പ്രാർത്ഥിക്കുന്നതിനു ഓരേ അവസരമാണ് ലഭിക്കുന്നത്. ഉണർവോടെയുള്ള പ്രാർത്ഥനയാണ് ക്രിസ്ത്യാനിക്കു അഭികാമ്യം. ആദത്തിനും ഹവ്വായ്ക്കും ഒരേ ആത്മീയ സാദ്ധ്യതയാണ് നൽകപ്പെട്ടത്. ആദത്തെ പൂഴിയിൽ നിന്നു സൃഷ്ടിച്ചു. എന്നാൽ ഹവ്വയെ സൃഷ്ടിച്ചത് തറയിലെ പൂഴിയിൽ നിന്നല്ല ഭൂമിയുടെ മധ്യത്തിൽ പറുദീസയിൽ അവിടന്നു നട്ട ഏദനിൽ വച്ച് ആദത്തിന്റെ വാരിയെല്ലിൽ നിന്നുമാണ്. അവർ പാപം ചെയ്തില്ലായിരുന്നുവെങ്കിൽ അവർക്കും അവരുടെ ഭാവി തലമുറയ്ക്കും ദൈവകൃപയുടെ സജീവമായ ശക്തി നിലനിർത്തുന്നതിന് സാധിക്കുമായിരുന്നു. നമ്മുടെ കർത്താവ് പുനരുത്ഥാന ശേഷം ആദം നഷ്ട

കാഴ്ചപ്പാട്

# തമാശയ്ക്കുള്ള സമയമല്ലിത്

**മാർ ജോസഫ് പാംപ്ലാനി** തലശ്ശേരി രൂപതാ സഹായമെത്രാൻ

**കേ**രള സീറോ മലബാർ കത്തോലിക്കാ സഭ തകർച്ചയിലേക്കെന്നോ, വളർച്ചയിലേക്കെന്നോ ഉള്ള നിഗമനങ്ങളിൽ നിന്നു മാറി, ഇപ്പോൾ സഭ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികളെ എങ്ങനെ മറികടക്കാം എന്ന് ഓരോ സഭാംഗവും ഗൗരവമായി ചിന്തിക്കേണ്ട സമയമാണിപ്പോൾ. ആരെന്തു തെമ്മാടിത്തരം കാട്ടിയാലും പരി. ആത്മാവ് നോക്കിക്കൊള്ളും എന്ന അമിതവിശ്വാസം വേണ്ട. വിതച്ചത് കൊയ്യും എന്നും വാളെടുക്കുന്നവൻ വാളാലേ എന്നുമുള്ള പ്രമാണങ്ങളും പരിശുദ്ധാത്മാവിന്റേതു തന്നെയാണ്. പ്ലാസ്റ്ററൊട്ടിച്ച് മറയ്ക്കാവുന്നതല്ല ഇന്നുള്ള സഭയുടെ മുറിവുകൾ. മെത്രാന്മാരിലും വൈദീകരിലും അത്മായരിലും പക്ഷങ്ങൾ പരസ്യമായി രൂപപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കേരള ക്രൈസ്തവ സമൂഹത്തിന് പ്രത്യേകം ഒരു ആരാധനാക്രമം ഉണ്ടാകുന്നതിനോടോ, ലോകത്തിലുള്ള എല്ലാ കേരളീയരും ഒന്നായിരിക്കുന്നതിനോടോ ഞാൻ എതിരല്ല. പക്ഷേ, സുവിശേഷ പ്രചാരണം എന്ന ആശയത്തിൽ നിന്നുമാറി പാരമ്പര്യ സംരക്ഷണം ദൗത്യമായി സഭ വ്യാഖ്യാനിക്കുന്നതിനെ എതിർക്കാതിരിക്കാൻ വയ്യ.

ഒരു ക്രിസ്ത്യാനിയുടെ കേന്ദ്രബിന്ദു തോമാശ്ലീഹായല്ല, യേശുവാണ്. ഈ പാരമ്പര്യവാദം ഉന്നയിച്ചാലേ സ്വതന്ത്രറീത്ത് എന്ന വാദഗതിക്ക് സാധുത ഉണ്ടായിരിക്കുകയുള്ളൂ എന്നത് സത്യമായിരിക്കാം. പക്ഷേ പ്രവാസിജീവിതം നയിക്കുന്നവരെ റീത്തിന്റെ പേരിലും പാരമ്പര്യത്തിന്റെ പേരിലുമായി ഒറ്റപ്പെടുത്തുന്നതിലാണ് അതിപ്പോൾ ചെന്നെത്തിയിരിക്കുന്നത്. അത് വരാനിരിക്കുന്ന ഒരു വലിയ പാരയായി മാറുക തന്നെ ചെയ്യും. മറ്റൊരു സംസ്കാരം ഈ മണ്ണിൽ വേണ്ട എന്ന് വിദേശങ്ങളിൽ പലരും പറഞ്ഞെന്നുമിരിക്കും. ഈ ഒറ്റപ്പെടുത്തൽ വടക്കേ ഇൻഡ്യയിൽ സഭയ്ക്കേറ്റ പല പ്രഹരങ്ങളുടെയും കാരണവുമാണ്.

എവിടെയാണ് നമുക്ക് തെറ്റു പറ്റിയത്? സൂക്ഷ്മമായി പരിശോധിച്ചാൽ സീറോമലബാർ മെത്രാന്മാർക്ക് വേണ്ടിയിരുന്ന അമിത അധികാരമായിരുന്നു ഈ റീത്ത് വാദത്തിന് പിന്നിൽ എന്നു കാണാം. സ്വതന്ത്ര ഭരണാധികാരമുള്ള ഒരു റീത്തായി മാറിയപ്പോഴേ അവർ ചെയ്തത് സഭാസ്വത്തുക്കൾ വിശ്വാസികളിൽ നിന്നെടുത്ത് മാറ്റുകയും വിശ്വാസിയെ ഉപദേശാധികാരത്തിലേക്ക് ചുരുക്കുകയുമാണ്. ആരാധനാക്രമം നിശ്ചയിക്കുന്നിടത്തും, 98% വരുന്ന അത്മായരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തില്ല. അത്മായനിന്ന് അജ്ഞനല്ല. ഭ്രാന്തൻ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി, നിയമങ്ങൾ കൊണ്ടും പണപ്പിരിവുകൊണ്ടും വിശ്വാസിയെ വരിഞ്ഞുമുറുക്കി അന്നു മുതൽ രൂപപ്പെട്ടുവരുന്ന അഗ്നിപർവ്വതമാണ് ഇപ്പോൾ എല്ലാവർക്കും ഭീഷണിയായി പുകഞ്ഞുകൊണ്ടിരിക്കുന്നത്. ശ്രീ ജോസഫ് പുലിക്കുന്നൻ വിടവാങ്ങിയപ്പോൾ സഭയ്ക്കുള്ളിലുള്ളവരിൽ ബഹുഭൂരിപക്ഷവും അദ്ദേഹത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയാണ് ചെയ്തത്. ബിഷപ്പ് ജേക്കബ് മുരിക്കൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി പ്രാർത്ഥിക്കുകയും ചെയ്തു. നിരവധി മെത്രാന്മാരും വൈദീകരും പ്രമുഖരും ഉൾപ്പെട്ട വൻജനാവലി അദ്ദേഹത്തെ യാത്രയയ്ക്കാൻ എത്തുകയും ചെയ്തിരുന്നു. സഭാംഗങ്ങ

---

പ്പെടുത്തിയ ജീവശ്വാസം ശ്ലീഹന്മാരിലേക്ക് നിശ്വസിച്ചു. പെന്തക്കോസ്തി ദിവസം കാത്തിരുന്ന സമൂഹത്തിലേക്ക് ആഘോഷപൂർവ്വം രൂക്ഷമായ കൊടുങ്കാറ്റിലൂടെ തീനാവുകളുടെ രൂപത്തിൽ പരിശുദ്ധ റൂഹായെ അയച്ചു. വി. മാമ്മോദീസായിൽ ക്രിസതുവിൽ വിശ്വസിക്കുന്നവരായ നമുക്ക് പരിശുദ്ധ റൂഹായെന്ന അഗ്നിയുടെ വിത്ത് ലഭിക്കുന്നു. എന്നാൽ നാം ആ ദൈവ സാദൃശ്യത്തിൽ വളരാതെ നമ്മുടെ ആകാരത്തിൽ വളരുന്നു എന്നതാണ് അപകടം. എങ്കിലും ബലപ്രയോഗത്തിലൂടെ (മത്താ. 11:12) പാപ ചങ്ങലകളെ തകർക്കുന്നവർ മഞ്ഞിനേക്കാൾ വെൺമയുള്ള അങ്കി ധരിച്ച് കയ്യിൽ കുരുത്തോലയുമായി ദൈവമുമ്പാകെ നിലയുറപ്പിക്കും. പ്രബോധനത്തിനപ്പുറം അസാധാരണമായ ചില ആദ്ധ്യാത്മിക അനുഭവങ്ങൾ സ്വീകരിച്ചുകൊണ്ടാണ് മൊട്ടോവിലോവ് ഗുരു സന്നിധിയിൽ നിന്ന് മടങ്ങുന്നത്.

വിശുദ്ധ സെറാഫിന്റെ ജീവിതരേഖയും സംക്ഷിപ്തമായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. 1833 ജനുവരി 2-ാം തീയതി ആ താപസശ്രേഷ്ഠൻ അനശ്വരതയുടെ വാതിൽ തുറന്ന് അകത്ത് പ്രവേശിച്ചു. സാഗരസമാനമായ പൗരസ്ത്യ അദ്ധ്യാത്മികതയിൽ അതീന്ദ്രീയാനുഭവത്തിന്റെ തുറമുഖം തുറന്ന മഹായോഗിയായിരുന്നു സരോവിലെ വി.സെറാഫിം. □

ളുടെ ചിന്തകളിലുണ്ടായ മാറ്റമാണിത് കാണിക്കുന്നത്. ''സ്നേഹത്തിൽ അധികാരവുമില്ല, അധികാരത്തിൽ സ്നേഹവുമില്ല.'' അദ്ദേഹം ആവർത്തിക്കുമായിരുന്ന ഒരു വാചകമാണിത്. ശരിയല്ലേ? സഭാകാര്യങ്ങളിൽ അദ്ദേഹത്തോളം അഗാധമായ അറിവുനേടിയ ഒരുവ്യക്തി നമ്മുടെ ഇടയിൽ ഇനി ഉണ്ടാകുവാനിടയില്ല. വെറും നാലുവർഷങ്ങൾക്കു മുമ്പ് സഭയ്ക്കെതിരെ എഴുതുന്നവർ അജ്ഞാതരായിരുന്നെങ്കിൽ ഇന്ന് അതല്ല സ്ഥിതി. അത്രമാത്രം മാറ്റമാണുള്ളിൽ സംഭവിച്ചത്.

മെത്രാന്മാരേക്കാളും വൈദീകരേക്കാളും താരതമ്യേന ശുദ്ധജീവിതം നയിക്കുന്നവരാണ് തങ്ങളെന്ന് അത്മായർ വിശ്വസിച്ചു തുടങ്ങിയിരിക്കുന്നു. വളരെ നല്ല ചില വൈദീകരും വൈദികമേലദ്ധ്യക്ഷന്മാരും നമുക്കുണ്ടെന്നുള്ളത് മറക്കുന്നില്ല. സീറോമലബാർ സഭ നല്ലതുമാത്രമേ ചെയ്തിട്ടുള്ളൂ എന്ന് വാദിക്കുന്നവർ ഓർക്കുക, കേരള ക്രൈസ്തവരുടെ ഹൃദയത്തിൽ കൊത്തിയിരിക്കുന്ന ക്രൂശിതരൂപമാണ് പാരമ്പര്യവാദികൾ പിഴുതെടുത്തത്. മാർത്തോമ്മാ കുരിശെന്ന അടയാളവും മാർത്തോമ്മായുമായുള്ള ബന്ധവും വളരെ നേർത്തതാണെന്നു മാത്രമല്ല, അതിലേറെ സൂചനകൾ ഇത് പാഷാണ്ഡതയുടെ അടയാളമായിരുന്നു എന്നതിലേക്കും നീളുന്നു. മാർ തോമാശ്ലീഹാ ഭാരതത്തിൽ വന്നിരുന്നുവെന്നോ, വന്നില്ലായെന്നോ ചരിത്രപരമായി തെളിയിക്കാൻ ആർക്കും സാധ്യമല്ല. വത്തിക്കാൻ രേഖകളോട് ഒത്തുചേരുന്നതല്ല, നമ്മുടെ പല ഐതീഹ്യാധിഷ്ഠിത വാദങ്ങളും. എന്തായാലും സഭയ്ക്ക് ഒരടയാളം എന്നതിനപ്പുറത്തേയ്ക്ക് ഈ താമരക്കുരിശ് ഉപയോഗിക്കപ്പെട്ടുകൂടാ. എല്ലാ രൂപതകളിലും ഇത് ഉപയോഗിക്കപ്പെടുന്നില്ല എന്നുമാത്രമല്ല, സ്വന്തം രൂപതയിൽ ഇത് ഉപയോഗിക്കാൻ പാടില്ല എന്ന് സർക്കുലർ ഇറക്കിയ മെത്രാന്മാരും ഉണ്ട്. അൾത്താരയിൽ വച്ച് ആരാധിക്കപ്പെടാനുള്ള യോഗ്യത ഈ കുരിശിനില്ല. അത് എടുത്തുമാറ്റിയാൽ സഭയോടുള്ള അനേകരുടെ പക കുറയും. അതിന്റെ പേരിൽ വെഞ്ചിരിപ്പ് മാറ്റിവച്ച പള്ളികൾ വളരെ. പല പള്ളികളിലും ഒളിച്ചുംപാത്തുമാണിത് സ്ഥാപിച്ചത്. അമേരിക്കയിലെ ഒരു പള്ളിയിൽ ഇത് പരസ്യമായി വിശ്വാസികൾ കത്തിക്കുകവരെ ചെയ്തു.

രണ്ടാമത്തെ അതിപ്രധാനമായ ഭാഗം സഭാധികാരികളും അത്മായരുമായുള്ള ബന്ധമാണ്. അത്മായൻ ഒരു കത്തയച്ചാൽ അത് കിട്ടിയെന്നുപോലും മറുപടി അയയ്ക്കാനുള്ള സന്മനസ്സ് കാണിക്കുന്ന മെത്രാന്മർ കുറവ്. ഇതിൽ പെരുത്ത ദിവ്യന്മാരും പെടും. മര്യാദകേട് ഇത്രയ്ക്കുവേണോ എന്നാണെന്റെ ചോദ്യം. അത്മായൻ പടുത്തുയർത്തിയ പ്രസ്ഥാനങ്ങളിൽ അവന് പ്രവേശനമില്ലെന്നുകൂടി വന്നാൽ? ലോകം മുഴുവനുമുള്ള കത്തോലിക്കർ മാർപ്പാപ്പാ വിളിച്ചുകൂട്ടിയ കുടുംബസംബന്ധിയായ സിനഡിലേക്കുള്ള അഭിപ്രായസർവ്വേയിൽ പങ്കെടുത്തെങ്കിൽ അതിനുള്ള അവകാശം പോലും ഈ സഭാമക്കൾക്ക് നിഷേധിച്ചതാര്? വെറും ഉപദേശക സമിതിയായി അത്മായരെ ചുരുക്കി! അയ്യായിരം പേർക്ക് ഇരിക്കാവുന്ന വലിപ്പത്തിലുള്ള പള്ളി. അതിൽ കയറുന്നവർ എവിടെ ഇരിക്കണം എന്ന് അച്ചൻപോലീസ് തീരുമാനിക്കും. എങ്ങനെയെല്ലാം അവനെ പിഴിയാമെന്നും നിയന്ത്രിക്കാം എന്നുമുള്ളതാണ് വൈദീകരുടെ നോട്ടം. പള്ളിക്കുള്ളിൽ നടക്കുന്ന സ്തോത്രക്കാഴ്ച 25000-ത്തിൽ കുറയാൻ പാടില്ലെന്ന് ഒരു വികാരി കല്പിക്കുന്നത് ഞാൻ കേൾക്കാനിടയായി. ഈ ചിന്താഗതിയേ മാറണം. തിരിച്ചറിവ് സിനഡ് കാഴ്ചയിലൂടെയെന്ന നിലപാടുമാറ്റി തനത് ഉൾക്കാഴ്ചയിലൂടെ എന്ന ചിന്തയിലേക്ക് നാം വരണം. അത്മായരുടെ നിലപാട് എപ്പോഴും ഒന്നായിരിക്കണമെന്നില്ല. അതിനെയും ബഹുമാനത്തോടെ കാണാൻ എല്ലാവർക്കും കഴിയണം. അങ്ങനെയായിരുന്ന കഴിഞ്ഞകാലത്ത് സഭ വളരുകയായിരുന്നു എന്നത് മറക്കരുത്.

അടുത്തത്, ആരാധനാക്രമമാണ്. വികലമായ വ്യാഖ്യാനങ്ങളാണ് സർവ്വത്ര! ഇവിടെ, തിരിഞ്ഞുനിൽക്കണോ കുനിഞ്ഞു നിൽക്കണോ എന്നതല്ല അത്മായന്റെ പ്രശ്നം. ശാന്തമായി, മനഃസ്സമാധാനത്തോടെ പള്ളിക്കുള്ളിലായിരിക്കാൻ കഴിയുന്നുണ്ടോ എന്നതാണ്. 75% സാമ്പാറും 25% ചോറുമായി ഭക്ഷിക്കുന്നതിനെ ചോറുണ്ടു എന്നല്ല സാമ്പാർ കുടിച്ചു എന്നാണ് പറയുക. ഇടയലേഖനമായും, അറിയിപ്പുകളായും മുക്കാൽ മണിക്കൂർ തോന്ന്യാസമാണ് മിക്ക ഞായറാഴ്ചകളിലും. ഗാനങ്ങളുടെ പേരിൽ നടക്കുന്ന പ്രകടനങ്ങളെയും ഞാൻ സാമ്പാറിന്റെ ഗണത്തിൽ പെടുത്തും. അതും വരും എക്സ്ട്രാ 15 മിനിട്ട്. കാതടപ്പിക്കുന്ന ഈ പ്രകടനം മനുഷ്യനെ കോരിത്തരിപ്പിക്കുകയല്ല, അലസോരപ്പെടുത്തുകയാണ് ചെയ്യുക. ലത്തീൻകുർബ്ബാന (പ്രത്യേകിച്ച് വിദേശങ്ങളിൽ നടക്കുന്നത്) കണ്ടിട്ടുള്ളവർക്ക് ഇതിന്റെ വ്യത്യാസം മനസ്സിലാകും. ശരിക്കു പറഞ്ഞാൽ, കുർബാനയ്ക്ക് വളരെ കുറച്ചു പ്രാധാന്യമേ നാം പള്ളികളിൽ കൊടുക്കുന്നുള്ളൂ. ഇതുപോലെ പ്രാധാന്യമേറിയതാണ് സഭാനടപടികളുടെ പേരിൽ നടക്കുന്ന തോന്ന്യാസങ്ങൾ. ഓരോന്നിനും സിനഡ് കാണാത്ത മാനങ്ങളുണ്ടെന്ന് മനസ്സിലാക്കുക. അടുത്തകാലത്ത് നടപ്പാക്കിയ ഒരു പരിഷ്ക്കാരമാണ് കല്യാണത്തിന് തലേന്ന് വധൂവരന്മാരുടെ വീട്ടിൽ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥന എന്നത്.

*Psychology*

# Approach to substance abuse in adolescents

**Dr. Nishad Koya A.**

The abuse of substances such as alcohol and cannabis in adolescence has seen a rise over the past few years. Substance abuse causes impairment in healthy development of many adolescents. It also causes long-term consequences in educational, social, and economic problems.

Adolescence is the period in which somatic, cognitive, reproductive, and neurological maturation is completed. It is during this period that youths initiate adult behaviors.

During adolescence, several biological and psychological factors predisposes the individual to drug abuse. Emotional self-regulation and social adjustment secondary to the hormonal changes occurring during this period are challenges to an adolescent.

Negative affect, irritability, and dull mood are associated with the risk for abuse. Anxiety and depressive disorders encourage substance consumption to alleviate subjective distress. In addition, poor self-control and low self-esteem potentiate the engagement of risky behaviors. As substances are readily available, youth tend to self-medicate.

Adolescents have a strong propensity for risk taking behavior. Sensation and novelty seeking are among the most frequently reported predisposing characteristics of early age onset substance abuse. The prefrontal cortex of the brain, which is integral to self-regulation of behavior and affect, does not functionally mature until late-adolescence. The rate of adverse outcomes is disproportionately high among adolescents during an acute alcohol or drug use episode as a consequence of disinhibited behavior.

Substance abuse typically starts before maturation of decision-making capacity, which predisposes to poor behavioral choices that manifest as risky behaviors. Consequences of abuse are not perceived as harmful which influence the continued use of the substance.

Executive functioning, mediated largely by the dorsolateral pre-

---

മലബാറിലെ ഒരു പാവപ്പെട്ട പെൺകുട്ടിയുടെ പിരിവെടുത്തു നടത്തിയ കല്യാണത്തിന്റെ കഥകേട്ടു. അച്ചൻ പ്രാർത്ഥനയ്ക്കു വരുമ്പോൾ വാർഡിലുള്ള എല്ലാവരേയും വിളിക്കുന്ന പതിവായി. അവർക്ക് സദ്യകൊടുക്കാനുള്ള ക്രമീകരണങ്ങളും പതിവായി, ഈ വീട്ടുകാരനും ചിലവായി 50000 രൂപ ആ വകയിൽ. വേദപാഠമായിരുന്നു പണ്ട് പഠിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ നടക്കുന്നത് മതപഠനമാണ്. കുട്ടികൾ ഭയന്നാണ് ഇതിൽ പങ്കെടുക്കുന്നത്. അത്ര ചിട്ടകളാണിവിടെ. സിനഡ് എടുക്കുന്ന തീരുമാനം ചോദ്യം ചെയ്യാൻ പാടില്ല. വിവാഹത്തിന് വൈദീകനാണ് കാർമ്മികൻ തുടങ്ങിയ യുക്തിക്കോ സത്യത്തിനോ നിരക്കാത്തതനത് വസ്തുതകളാണ് പിഞ്ചുമനസ്സിലേക്ക് തള്ളിവിടുന്നത്. അപ്രമാദിത്ത്വം മാർപ്പാപ്പതന്നെ തള്ളിക്കളഞ്ഞു. സത്യത്തിനൊരു നിർവ്വചനമുണ്ട്. സത്യമായതിന് മാറ്റമില്ല, മാറുന്നത് സത്യവുമല്ലെന്ന്. എന്റെ ചെറുപ്പത്തിലുള്ളതൊന്നുമല്ല ഇപ്പോൾ പള്ളിയിൽ കാണുന്നത്. അപ്പോൾ ഞാൻ ചോദിക്കട്ടെ, എന്തായിരുന്നു സത്യം? അവധിക്കാലം കുട്ടികളുടെ അവകാശമാണ്, അവരുടെ ക്രീയേറ്റിവിറ്റി അവർക്ക് പ്രകടിപ്പിക്കാനുള്ള ഒരവസരം. ഉത്ഥാനോത്സവത്തിന്റെയും ഇന്റൻസിവിന്റേയും പേരിൽ അത് അവർക്ക് നിഷേധിക്കുന്നത് തെറ്റാണ്. വൈദികവിദ്യാർത്ഥികൾക്ക് കൊടുക്കുന്ന പരീശീലനത്തിലും കാതലായ തെറ്റുണ്ട്. ഇല്ലായിരുന്നെങ്കിൽ ആർഭാടപ്രിയരും അധികാരമോഹികളുമായ ഒരു വൈദീകസമൂഹം ഇവിടെ ഉണ്ടാകുമായിരുന്നില്ല. അറിവ് സഭാഗ്രന്ഥങ്ങളിൽ മാത്രമാണെന്ന് വിശ്വസിച്ച് വശായിരിക്കുന്ന ഒരു തലമുറയാണിവിടെ കാണുന്നത്. സെമിത്തേരികളുടെയും അതിൽ അടക്കപ്പെടാനാവശ്യമുള്ള വികാരിയുടെ അനുവാദത്തിന്റെയും പേരിൽ ഇവിടെ നടക്കുന്ന കൊള്ള അപ്പാടെ നിർത്തണം. ശവസംസ്കാരം പോലും എത്ര നീട്ടാം എന്നുള്ളതാണ് സഭാധികാരികളുടെ ചിന്ത. അത്മായൻ മരിച്ചാൽ അവനെ സംസ്കരിക്കാനുള്ള കടമ സഭയുടേതാണ്. അതിനുപോലും കഴിയുന്നില്ലെങ്കിൽ എന്തിനീ സംവിധാനം? വിശുദ്ധന്മാരുടെ പേരിൽ ഓരോ പള്ളിയിലും കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും പൂർണമായും നിർത്തിയേ മതിയാകൂ. ഒന്നും തന്നെ യേശുകേന്ദ്രീകൃതമല്ലെന്ന് കാണുക. പുണ്യവാന്മാരല്ല സ്വർഗ്ഗം നിയന്ത്രിക്കുന്നത്. മാത്രവുമല്ല, യേശുവിന്റെ സമീപത്തേയ്ക്ക് ചെല്ലുവാൻ ഒരു മാധ്യമത്തിന്റെയും ആവശ്യമില്ല. കൂദാശകളൊന്നും അത്മായന് വിലപറയാൻ ഉപയോഗിക്കപ്പെടേണ്ടതുമല്ല. □

frontal cortex, includes processes such as strategic thinking, self-monitoring of behavior during goal directed action, control of attention and concentration and mental flexibility. Executive functioning deficit is a cardinal feature of attention deficit hyperactivity disorder, impulsivity, aggression and conduct disorder. These childhood behavioral disturbances predispose to substance abuse during adolescence.

Social environment has a prominent influence on the motivation for initiation of substance abuse. This includes ready availability of the substance, media exposure, adult role models in popular culture, incorrect assumptions regarding social norms such as mistaken belief that consumption is normal, peer group norms, peer pressure and disengagement from parental influence.

**Treatment approaches**

Screening and comprehensive assessment is done by a professional to understand the full range of issues the youth and family are experiencing. After the assessment the individual will be advised either outpatient treatment or inpatient treatment. Most outpatient and inpatient adolescent programs will use a treatment approach integrating multiple therapeutic models. Involvement of parents in their adolescent's treatment and recovery increases the likelihood of a successful treatment experience. Strategies are made to engage and keep adolescents in the treatment. Effective after care plan, after the formal treatment program is completed, should be made to ensure support and successful recovery.

The most commonly utilized therapeutic models include the following:

**Family therapy**

This approach seeks to reduce an adolescent's use of drugs and correct the problem behaviors that often accompany drug use by addressing the mediating family risk factors, such as poor family communication, cohesiveness, and problem solving. The method includes positive relabeling; establishing clear, consistent communications; and creating an environment that fosters hope, self-esteem, trust, and responsibility.

**Behavioral therapy**

The basic assumption of behavior therapy is that substance use behaviors are learned in the context of one's environment. The main elements of behavioral therapy are functional analysis, skills training, and relapse prevention. Functional analysis is the exploration of internal and external stimuli which trigger and maintain an individual's substance use. Skill training is provided to strengthen specifically those areas identified as problematic in the functional analysis. Areas that are often the focus of attention are assertiveness training, drink/drug refusal skills, relaxation techniques, stress management, self-control, and social skills. Relapse prevention is provided to help the client anticipate high-risk situations and to give him/her the tools needed to cope with lapses. Behavioral therapy techniques include role-playing, response rehearsal, homework assignments, and diary keeping.

**Cognitive behavioral therapy**

Cognitive behavioral therapy is based on the notion that thoughts cause behaviors, and these thoughts determine the way in which people perceive, interpret, and assign meaning to the environment. Thus, maladaptive behaviors can be changed by modifying our thought processes, even if our environment does not change. The intervention targets high risk social situations as well as perceptions. CBT encourages adolescents to develop self-regulation and coping skills by teaching the youth to identify stimulus cues that precede drug use, to use various strategies to avoid situations that may trigger the desire to use, and to develop skills for communication and problem solving.

**Alcoholics Anonymous**

Alcoholics Anonymous (AA) and Narcotic Anonymous (NA) view addiction as a chronic, progressive illness characterized by loss of control and denial. Spirituality (i.e., reliance on a higher power) is a key element in these treatment approaches. Participants in these programs are asked to accept that they have experienced a permanent loss of control over alcohol/drugs and are encouraged to surrender to a higher power. Their philosophy is that recovery is only possible through the individual's recognition that alcohol and drugs are problematic, and admitting a loss of control over the substance of abuse is necessary for recovery to begin. AA and NA are used as adjunct treatment in many treatment programs.

**Pharmacotherapy**

This treatment approach uses medication to address various aspects of addiction, including craving reduction, aversive therapy, substitution therapy, and treatment of underlying psychiatric disorders.

**Conclusion**

Adolescence is the age of experimentation. It is during this period that most tobacco, cannabis, and alcohol users start and develop their habit. However, use of these substances is more harmful in this group, in whom the neurobiological system is still maturing. It is therefore most important to detect, assess and treat substance abuse through suitable strategies, to forestall the evolution toward serious dependency. □

RNI No. KERMAL/2012/46014 Date of Publication 15-6-2019 Licence No. KL/CR/ALU/WPP-02/2019-21
Registered. Reg. No. KL/ALY/0067/2019-2021 Price Rs. 10/- Licensed to Post Without Pre-payment

KANDANAD DIOCESAN BULLETIN

## കശീശ്ശാപട്ടം സ്വീകരിച്ചു

കൊട്ടാരക്കര: താന്നിവിളയിൽ ഡീക്കൺ അജീഷ് (തോമസ്) ബാബു 2019 ജൂൺ 4-ാം തീയതി ചൊവ്വാഴ്ച ഉമ്മണ്ണൂർ മാർ ശെമവൂൻ ദസ്തുനി ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വച്ച് കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസിൽ നിന്ന് കശീശ്ശാപട്ടം സ്വീകരിച്ചു. ചേപ്ര താന്നിവിള വീട്ടിൽ കെ. ബാബുവിന്റെയും ഗ്രേസിക്കുട്ടി ബാബുവിന്റെയും മകനാണ് നവാഭിഷിക്തനായ ഫാ. അജീഷ് ബാബു.

ക്രിസ്തീയ ചരിത്രത്തിൽ ബിരുദാനന്തരബിരുദം (M. Th.) നേടിയിട്ടുള്ള അച്ചൻ കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ വൈദീകശുശ്രൂഷ അനുഷ്ഠിക്കുന്നതിനാണ് പട്ടമേറ്റിട്ടുള്ളത്.

## ഹോസ്പിറ്റൽ ദിനാഘോഷം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കൂത്താട്ടുകുളത്തിനു സമീപം വടകരയിൽ പ്രവർത്തിച്ചുവരുന്ന സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിന്റെ 11-ാമത് ആശുപത്രിദിനം 28-6-2019 വെള്ളിയാഴ്ച ആഘോഷിക്കുന്നു.

ആശുപത്രി സ്ഥാപകനും സന്തുല ട്രസ്റ്റ് പ്രസിഡന്റുമായ ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ജന്മദിനമാണ് ഓരോ വർഷവും ‘ഹോസ്പിറ്റൽ ഡേ’ ആയി കൊണ്ടാടുന്നത്.

ആശുപത്രിദിനാഘോഷങ്ങളോടനുബന്ധിച്ച് അന്നേ ദിവസം വൈകിട്ട് 5 ന് സന്തുല ഓഡിറ്റോറിയത്തിൽ ചേരുന്ന സമ്മേളനത്തിൽ അഭി. തിരുമേനി ആദ്ധ്യക്ഷം വഹിക്കും. വിശിഷ്ടാതിഥികൾ ആശുപത്രിദിന സന്ദേശവും ആശംസകളും നൽകും. സന്തുല കുടുംബാംഗങ്ങൾ അവതരിപ്പിക്കുന്ന കലാപരിപാടികളും ഉണ്ടായിരിക്കും.

### ജന്മദിനാശംസകൾ

28-6-2019 വെള്ളിയാഴ്ച 68-ാം ജന്മദിനം ആഘോഷിക്കുന്ന ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക് എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

അന്നു രാവിലെ 8 മണിക്ക് അഭി. തിരുമേനി മൂവാറ്റുപുഴ സെന്റ് തോമസ് കത്തീഡ്രലിൽ വി. കുർബ്ബാന അർപ്പിക്കുന്നതാണ്.

ചീഫ് എഡിറ്റർ

## പ്രവേശനം തുടരുന്നു

വടകരയിലെ സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിനോടനുബന്ധിച്ച് നടന്നുവരുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിൽ 8, 9, 10, 11, 12 സ്റ്റാന്റേർഡുകളിലേക്ക് അഡ്മിഷൻ തുടരുന്നു. 14 വയസ്സ് പൂർത്തിയായിട്ടുള്ളവരും സാധാരണ സ്കൂളിൽ ചേർന്നു പഠിക്കാൻ സാധിക്കാത്തവിധം പഠനവൈകല്യമുള്ളവരും ആയവർക്ക് ഈ സ്കൂളിൽ ചേർന്നു പഠിക്കാം. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. അന്വേഷണങ്ങൾക്ക് ഫോൺ: 9447575091, 8606100371

## ചാർജ്ജെടുത്തു

വടകരയിലെ സന്തുല ട്രസ്റ്റ് ആശുപത്രിയിൽ വിവിധ തസ്തികകളിൽ താഴെപ്പറയുന്നവർ ചാർജ്ജെടുത്തു.

1. എലിസബത്ത് എം. തരിയൻ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്)
2. സിനുജ ടി. രാജ് (സൈക്കോളജിക്കൽ സോഷ്യൽ വർക്കർ)
3. അഡ്വ. സുജ ജെമറിൻ (എഡ്യൂക്കേഷണൽ തെറാപ്പിസ്റ്റ്)

**SANTHULA TRUST HOSPITAL**

**Vadakara, Koothattukulam**
**Ph: 0485-2250745, 9447575091**



*A Clinical and Research Centre of Neuro - Behavioural Science*

**OUR SERVICES:**

- Counselling Centre
- Child and Adolescent Guidance Clinic
- Marital Therapy Centre
- Mental Health Hospital
- De-addiction Clinic with AA Groups
- Geriatric Care Centre and ‘Pakal Veedu’
- Rehabilitation Unit
- Learning Disability Clinic
- Resource Centre for Community sensitization and health education
- Psychiatric Training Centre for students- nursing, psychology and psychiatric social work.

Printed and published by Fr. Abraham Karamel, Secretary, Kandanad East Diocese, Bishop’s House, Muvattupuzha - 686 661, Ph: 0485 2832401
Managing Editor : P.J. Varghese Ph: 0485 2253209, Printed at St. George Press, Muvattupuzha